# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലുവ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101

ഇ-മെയിൽ: mlalv.ksad@kerala.gov.in

ഫോൺ : 0484-2623767

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 540/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101
തീയ്യതി: 15/12/2021
ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ: 0484-2623767

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ആലുവ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആലുവ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം:)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം:)
3) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം:)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5) കാര്യാലയ പകർപ്പ്

നമ്പർ: 540/2021 തീയ്യതി: 15/12/2021

## എറണാകുളം ജില്ലയിലെ ആലുവ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലുവ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-03-2020 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയ സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 02-03-2020 | 31-01-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-03-2020 | 31-01-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷാജിമോൻ കെ.എ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പ്രവീൺ ഷേണായ് ജെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോൺസൺ ടി.ടി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി. അനിൽകുമാർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വൃന്ദ സി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കുമാരി ലിസി എബ്രഹാം | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ രംഗൻ | സെക്രട്ടറി | 01-04-2019 | 30-10-2019 |
| ശ്രീ. ടോബി തോമസ് | സെക്രട്ടറി | 31-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജലജാമണി, | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 06-06-2019 |
| ശ്രീമതി ടി.എൻ. മിനി | മുനിസിപ്പൽ എഞ്ചിനീയർ | 07-06-2019 | 07-08-2019 |
| ശ്രീ. ബിജു കെ. | മുനിസിപ്പൽ എഞ്ചിനീയർ | 08-08-2019 | 10-01-2020 |
| ശ്രീമതി സ്മിത പി.ജെ. | മുനിസിപ്പൽ എഞ്ചിനീയർ | 11-01-2020 | 31-03-2020 |
| ശ്രീമതി സുനിമോൾ സി.എച്ച്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീ. പ്രവീൺ സി.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019<br>23-07-2020 | 06-01-2020<br>05-01-2021 |
| ശ്രീമതി പാർവതി ഉണ്ണിത്താൻ എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-01-2020 | 31-03-2020 |
| ശ്രീമതി ഗീതകുമാരി എസ്. | പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ | 01-04-2019 | 31-03-2020 |
| ഡോ. പ്രസന്നകുമാരി കെ. (മെഡിക്കൽ സൂപ്രണ്ട്) | മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ. അനഘൻ | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി അനിത എം.ആർ. | ഐ.സി.ഡി.എസ്., സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ആശാലത | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. അഖിൽ ജിഷ്ണു | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. അഖിൽ ജിഷ്ണു | പ്രോജക്റ്റ് ഓഫീസർ, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | | |

ഇല്ല

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 13-12-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 27-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 27-11-2021) | 1-10 |
| 11 | നഗരപാലിക സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് - പൊതുവായ അപാകതകൾ<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-11 |
| 12 | നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-12 |
| 13 | നഗരസഭയിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും അവയുടെ പുരോഗതി അറിയിക്കേണ്ടതും - സംബന്ധിച്ച്<br>Written By: Shajimon K A (Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-13 |
| 14 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് - 76,987.00 രൂപ നഷ്ടം<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-14 |
| 15 | വസ്തുനികുതി ഇനത്തിൽ വരവില്ലാതെ രസീത് നൽകി<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 27-11-2021) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി | 1-16 |

| | | |
|---|---|---|
| | Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Vrinda C S (Auditor, On 27-11-2021) | |
| 17 | സ്ഥാപന തൊഴിൽ നികുതി കടിശ്ശിക 4,75,590 രൂപ ഈടാക്കിയില്ല -<br>Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 1-17 |
| 18 | വാടക കെട്ടിടങ്ങളിൽ നിന്ന് പിഴപ്പലിശ ഈടാക്കിയില്ല – നഷ്ടം 47,383 രൂപ<br>Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-18 |
| 19 | നഗരസഭയുടെ കടമുറികളുടെ വാടക കുടിശ്ശിക വർദ്ധിക്കുന്നു -<br>Written By: Praveen Shenoy J (Asst. Audit Officer, On 27-11-2021)<br>Last Updated By: Praveen Shenoy J (Asst. Audit Officer, On 27-11-2021) | 1-19 |
| 20 | ബിൽഡിങ്ങ് പെർമിറ്റ് ഫീസ് നിർണ്ണയിക്കുന്നതിലെ അപാകത<br>Written By: T.T.Johnson (Asst. Audit Officer, On 27-11-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 27-11-2021) | 1-20 |
| 21 | വ്യാപാര ലൈസൻസ് - അപേക്ഷ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കും അവശ്യ രേഖകൾ ഇല്ലാത്തവർക്കും ലൈസൻസ് അനുവദിച്ചത് ചട്ടവിരുദ്ധം<br>Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Vrinda C S (Auditor, On 27-11-2021) | 1-21 |
| 22 | വിനോദ നികുതി - വരുമാന വർദ്ധനവില്ല<br>Written By: Vrinda C S (Auditor, On 27-11-2021)<br>Last Updated By: Vrinda C S (Auditor, On 27-11-2021) | 1-22 |
| 23 | പ്രളയ സെസ്സ് ഈടാക്കിയതിൽ കുറവ് - 1323 രൂപ നഷ്ടം<br>Written By: Vrinda C S (Auditor, On 29-11-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 1-23 |
| 24 | മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രണ്ട് തവണ ടാർ വില കുറച്ചു- അധിക പിൻവലിവ് രൂപ 51747/-സർക്കാരിലേക്ക് തിരിച്ചടയ്ക്കണം.<br>Written By: Shajimon K A (Audit Officer, On 29-11-2021)<br>Last Updated By: Shajimon K A (Audit Officer, On 29-11-2021) | 1-24 |
| 25 | CGST, SGST തുക കുറവ് ചെയ്യാതെ തുക അനുവദിച്ചു -2750രൂപ സർക്കാർ ഫണ്ടിന് നഷ്ടം<br>Written By: T.T.Johnson (Asst. Audit Officer, On 29-11-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 29-11-2021) | 1-25 |
| 26 | PMAY ഭവനനിർമ്മാണം പദ്ധതി വിഹിതം തക 120000/- രൂപ അധികം പിൻവലിച്ചു- സർക്കാരിലേക്ക് തിരിച്ചടക്കേണ്ടത് -സംബന്ധിച്ച്.<br>Written By: Shajimon K A (Audit Officer, On 29-11-2021)<br>Last Updated By: Shajimon K A (Audit Officer, On 29-11-2021) | 1-26 |
| 27 | മിനി മാർക്കറ്റ് നവീകരണം- DPR തയ്യാറാക്കൽ- ഫീസിബിലിറ്റി പഠനം നടത്തിയില്ല- റിവ്യൂപെറ്റീഷൻ-നിയമോപദേശം തേടിയില്ല.<br>Written By: Shajimon K A (Audit Officer, On 29-11-2021)<br>Last Updated By: Shajimon K A (Audit Officer, On 29-11-2021) | 1-27 |
| 28 | ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി - ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.<br>Written By: Shajimon K A (Audit Officer, On 29-11-2021)<br>Last Updated By: Shajimon K A (Audit Officer, On 29-11-2021) | 1-28 |
| 29 | KEIL വഴി മാലിന്യ സംസ്കരണം- അപാകതകൾ-26608/- രൂപ അധികച്ചെലവ്<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-29 |
| 30 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമല്ല – നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നു<br>Written By: T.T.Johnson (Asst. Audit Officer, On 01-12-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Prasannakumar (Deputy Director, On 15-12-2021) | |
| 31 | ശിവരാത്രി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു<br>Written By: T.T.Johnson (Asst. Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-31 |
| 32 | പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നില്ല<br>Written By: T.T.Johnson (Asst. Audit Officer, On 01-12-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 01-12-2021) | 1-32 |
| 33 | ശമ്പളറിക്കവറികൾ യഥാസമയം ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ ഒടുക്കുന്നില്ല<br>Written By: T.T.Johnson (Asst. Audit Officer, On 01-12-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 01-12-2021) | 1-33 |
| 34 | സ്റ്റേറ്റ് ലൈഫ് ഇൻഷ്വുറൻസ് പോളിസി, ജി.ഐ.എസ്. പോളിസി ഈടാക്കിയത് കുറവ് - സംബന്ധിച്ച്.<br>Written By: T.T.Johnson (Asst. Audit Officer, On 01-12-2021)<br>Last Updated By: T.T.Johnson (Asst. Audit Officer, On 01-12-2021) | 1-34 |
| 35 | പങ്കാളിത്ത പെൻഷൻ പദ്ധതി -തുക ഒടുക്കുന്നതിലെ കാലതാമസവും,മറ്റ് അപാകതകളും<br>Written By: Praveen Shenoy J (Asst. Audit Officer, On 01-12-2021)<br>Last Updated By: Praveen Shenoy J (Asst. Audit Officer, On 01-12-2021) | 1-35 |
| 36 | ഹരിത കേരളം പദ്ധതി നടത്തിപ്പിലെ പുരോഗതി - സംബന്ധിച്ച്<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 1-36 |
| 37 | നഗരസഭ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ (സി.എഫ്) ടെസ്റ്റ് നടത്തിയില്ല<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 1-37 |
| 38 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-കരാർ പുതുക്കാത്തത് ചട്ടവിരുദ്ധം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 1-38 |
| 39 | ലൈൻ വലിക്കൽ , പോസ്റ്റ് മാറ്റൽ- കെ.എസ്.ഇ.ബി -യിൽ തുക ഒടുക്കിയത്- വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത്- 6.81 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 1-39 |
| 40 | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ - നൽകിയിരിക്കുന്ന സ്ഥലം സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധം - 12 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen Shenoy J (Asst. Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 1-40 |
| 41 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം - മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Praveen Shenoy J (Asst. Audit Officer, On 01-12-2021)<br>Last Updated By: Praveen Shenoy J (Asst. Audit Officer, On 01-12-2021) | 1-41 |
| 42 | സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ- പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ലംഘിച്ചത് -സംബന്ധിച്ച്.<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 1-42 |
| 43 | PMAY ലൈഫ് ഭവനപദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 1-43 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് - 76,987.00 രൂപ നഷ്ടം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 2-1 |

| | | |
|---|---|---|
| 2 | വാടക കെട്ടിടങ്ങളിൽ നിന്ന് പിഴപ്പലിശ ഈടാക്കിയില്ല – നഷ്ടം 47,383 രൂപ<br>Written By: Vrinda C S (Auditor, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 2-2 |
| 3 | പ്രളയ സെസ്സ് ഈടാക്കിയതിൽ കുറവ് - 1323 രൂപ നഷ്ടം<br>Written By: Shajimon K A (Audit Officer, On 02-12-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 2-3 |
| ഭാഗം **3** | | |
| 1 | CGST, SGST തുക കുറവ് ചെയ്യാതെ തുക അനുവദിച്ചു -2750രൂപ സർക്കാർ ഫണ്ടിന് നഷ്ടം<br>Written By: Shajimon K A (Audit Officer, On 02-12-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 3-1 |
| 2 | KEIL വഴി മാലിന്യ സംസ്കരണം- അപാകതകൾ-26608/- രൂപ അധികച്ചെലവ്<br>Written By: Shajimon K A (Audit Officer, On 02-12-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-1 |
| 2 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 02-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Shajimon K A (Audit Officer, On 01-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 15-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajimon K A (Audit Officer, On 01-12-2021)<br>Last Updated By: Prasannakumar (Deputy Director, On 14-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment | |

| | |
|---|---|
| 4 | Income & Expenditure Statement |
| 5 | BALANCE SHEET |

# ഭാഗം -1

## 1-1 ബജറ്റ്

2019-2020 ബജറ്റ് അംഗീകരിച്ച കൗൺസിൽ തീരുമാന നമ്പർ 1 തീയതി 25.03.2019 പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ച കൗൺസിൽ തീരുമാന നമ്പർ 1 തീയതി 23.03.2020.

ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ ആലുവ നഗരസഭയുടെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4,02,46,506.00 | 5,76,01,962.00 | - 1,73,55,456.00 |
| വരവ് | 25,67,80,596.00 | 16,50,47,218.00 | 9,17,33,378.00 |
| ആകെ | 29,70,27,102.00 | 22,26,49,180.00 | 7,43,77,922.00 |
| ചെലവ് | 27,40,20,885.00 | 18,34,08,208.00 | 9,06,12,677.00 |
| നീക്കിയിരിപ്പ് | 2,30,06,217.00 | 3,92,40,972.00 | - 1,62,34,755.00 |

ആലുവ നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതും ലഭിക്കുമെന്ന് യാതൊരു ഉറപ്പില്ലാത്തതുമായ വരവുകൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത് നഗരസഭക്ക് ഗുണകരമായിരിക്കില്ല. കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 293 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. 2018-19 സാമ്പത്തിക വർഷത്തെ യഥാർത്ഥ വസ്തു നികുതി വരവ് 2.56 കോടി രൂപയും തൊഴിൽ നികുതി (വ്യാപാരികൾ) വരവ് 20.03 ലക്ഷവുമാണെന്നിരിക്കെ 2019-20ബജറ്റിൽ പ്രതീക്ഷിത വരുമാനമായി യഥാക്രമം 4 കോടിയും 90 ലക്ഷവുമാണ് രൂപയാണ് കാണിച്ചിരിക്കുന്നത്. മുൻ വർഷത്തെ യഥാർത്ഥ വരവുമായി താരതമ്യം ചെയ്യുമ്പോൾ ബജറ്റിലെ പ്രതീക്ഷിത വരവുകൾക്ക് വലിയ അന്തരമുണ്ടെങ്കിലും ഈ വ്യതിയാനത്തിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിലായി പദ്ധതി ചെലവുകൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| മേഖല | തുക |
|---|---|
| ഉൽപ്പാദന മേഖല | 2,24,08,600.00 |
| സേവന മേഖല | 4,55,71,343.00 |
| പശ്ചാത്തല മേഖല | 2,30,50,000.00 |
| ആകെ | 9,10,29,943.00 |

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതികൾക്കായി ചെലവഴിച്ചിരിക്കുന്നത് 3,06,79,261.00 രൂപയാണ്. മേല്പറഞ്ഞതിൽ നിന്നും പദ്ധതി ആസൂത്രണവും നിർവ്വഹണവും തമ്മിലുള്ള അന്തരം വ്യക്തമാണ്.

നഗരസഭയുടെ പല സ്വപ്നപദ്ധതികൾക്കും ആരംഭം കുറിക്കുമെന്നും വിവധ വേഖലകളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്നും 13ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖയിൽ പറയുന്നുണ്ടെങ്കിലും പഞ്ചവത്സരപദ്ധതിയുടെ മൂന്ന് വാർഷിക പദ്ധതികൾ പൂർത്തിയാകുമ്പോഴും ഇവയൊന്നും യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടില്ല. മഹാത്മാ ഗാന്ധി ടൗൺ ഹാൾ നവീകരണം, പ്രിയദർശനി ടൗൺ ഹാൾ എയർ കണ്ടീഷനിങ്ങ്, ജനറൽ മാർക്കറ്റ് നിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം, ബസ് സ്റ്റാന്റ് കെട്ടിടത്തിന്റെയും ക്ലോക്ക് ടവർ കെട്ടിടത്തിന്റേയും നവീകരണം എന്നിങ്ങനെയുള്ള നിരവധി പ്രോജക്ടുകളാണ് വികസന രേഖയിൽ വിഭാവനം ചെയ്യുന്നത്. എന്നാൽ ഓഡിറ്റ് വർഷം വരെ ഇവയൊന്നും നടപ്പാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.09.2020 | ഇല്ല | ബാധകമല്ല |

31.07.2020 -നകം സമർപ്പിക്കേണ്ട 2019-20 വാർഷിക ധനകാര്യ പത്രിക കോവിഡ്-19 ലോക്ക്ഡൗൺ കാരണങ്ങളാൽ സമയബന്ധിതമായി സമർപ്പിക്കാൻ സാധിച്ചിരുന്നില്ല. 25.09.2020 തീയതിയിലാണ് വാർഷിക ധനകാര്യ പത്രിക ഓഡിറ്റിൽ സമർപ്പിച്ചത്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയുടെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 06.10.2020 തീയതിയിലെ കെ.എസ്.എ-എ.വി.എം(എം2)321/20 നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി നല്കിയ 14.09.2021 തീയതിയിലെ എ1-16806/2019 നമ്പർ മറുപടി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാവുന്നവ ഒഴിവാക്കി താഴെ പറയുന്ന അപാകതകളുള്ളതായി റിപ്പോർട്ട് ചെയ്യുന്നു.

| ക്രമ നം | മലയാളം | | ഇംഗ്ലീഷ് |
|---|---|---|---|
| 1 | എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമായ 8000 രൂപ സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് ബാധ്യതാ ഹെഡിൽ വരവ് എടുക്കുന്നതിനു പകരം റവന്യൂ ഹെഡിൽ 160109900 ലാണ് വരവ് എടുത്തിരിക്കുന്നത്. | | Special Purpose Grant Received From Excise Dept. Rs. 8000/- Entered In Revenue Head Instead Of Liability Head |
| 2 | മുൻ വർഷങ്ങളിലെ ബാലൻസ് ഷീറ്റിലെ ബാധ്യതകൾ മാറ്റമില്ലാതെ ഇതേ തുക തന്നെ തുടർന്നുള്ള വർഷത്തിലും ആവർത്തിച്ചിരിക്കുന്നു. ഇത് വ്യക്തമാക്കാൻ സാധിച്ചില്ല.<br>ഉദാ : 350110700 – Contributory To Other Pension Fund Payable – 2,91,347.00, | | Liabilties Shown In The Previous Balance Sheet Repeated In The Current Year With Out Change. Could Not Be Explained.<br>Eg : 350110700 – Contributory To Other Pension Fund Payable – 2,91,347.00, 350110300 - Unpaid Salary – 4169.00 |

| | | |
|---|---|---|
| | 350110300 - Unpaid Salary - 4169.00 | |
| 3 | SBT A/C No. 67190510254 റിക്കൺസിയൽ ചെയ്തിട്ടില്ല. | SBT A/C No. 67190510254 Is Not Reconciled |
| 4 | 31.03.2020 ലെ പിരിഞ്ഞ് കിട്ടാനുള്ള വസ്തു നികുതി 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ 54,95,346 രൂപയാണ്. ആയതിൻ പ്രകാരം ലൈബ്രറി സെസ്സ് 2,61,683 രൂപയാണെന്നിരിക്കെ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 2,66,350 രൂപയാണ്. | Receivble Property Tax (Current & Arrear) Including 5% Liabrary Cess Comes To Rs. 54,95,346. This Amount Includes Receivable Liabrary Cess 2,61,683, But It Is Shown As Rs. 2,66,350 As Per Balance Sheet. |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | 2018-19 | 2019-20 |
|---|---|---|
| മുന്നിരിപ്പ് | 5,42,61,677.95 | 5,76,01,962.00 |
| വരവ് | 21,19,55,995.00 | 16,50,47,218.00 |
| ആകെ | 26,62,17,672.95 | 22,26,49,180.00 |
| ചെലവ് | 20,86,15,711.00 | 18,34,08,208.00 |
| നീക്കിയിരിപ്പ് | 5,76,01,961.95 | 3,92,40,972.00 |

മേല്പറഞ്ഞ കണക്കുകൾ പ്രകാരം നഗരസഭയുടെ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഏകദേശം 4.69 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. നഗരസഭയുടെ പ്രധാന തനത് വരവിനങ്ങളിലുണ്ടായ കുറവ് താഴ ചേർക്കുന്നു.

| ഇനം | 2018-19 | 2019-20 | കുറവ് |
|---|---|---|---|
| വസ്തു നികുതി (കറണ്ട്) | 2,56,26,951.00 | 2,49,50,487.00 | 6,76,464.00 |
| വസ്തു നികുതി (അരിയർ) | 90,24,137.00 | 47,27,544.00 | 42,96,593.00 |
| മറ്റ് നികുതികൾ | 34,54,024.00 | 29,49,410.00 | 5,04,614.00 |
| വാടക - കടമുറി (കറണ്ട്) | 1,34,84,132.00 | 1,25,86,987.00 | 8,97,145.00 |
| ബസ് സ്റ്റാന്റ് ഫീസ് | 10,05,715.00 | 6,32,732.00 | 3,72,983.00 |
| ടെണ്ടർ ഫോം വില്പന | 1,87,160.00 | 60,782.00 | 1,26,378.00 |

മേൽപറഞ്ഞിരിക്കുന്ന കണക്കുകൾ പ്രകാരം നഗരസഭയുടെ പ്രധാന തനത് വരുമാനങ്ങൾ പിരിച്ചെടുത്തിരിക്കുന്നതിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കൂടാതെ നഗരസഭക്കുണ്ടായ സർക്കാർ ഗ്രാന്റ് വരവുകളുടെ കുറവ് താഴെ ചേർക്കുന്നു

| ഇനം | 2018-19 | 2019-20 | കുറവ് |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 1,46,99,426.00 | 1,25,17,427.00 | 21,81,999.00 |
| വികസന ഫണ്ട് - എസ്.സി.പി | 19,59,017.00 | 15,56,640.00 | 4,02,377.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,47,21,198.00 | 65,94,047.00 | 81,27,151.00 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 2,17,89,065.00 | 65,75,632.00 | 1,52,13,433.00 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 29,34,366.00 | 29,17,563.00 | 16,803.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,94,86,270.00 | 1,19,78,998.00 | 75,07,272.00 |

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം കുറഞ്ഞതായാണ് മേല്പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. സർക്കാർ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിന് അനുസരിച്ചുള്ള തുകയാണ് വാർഷിക കണക്കുകളിൽ വരവായി എടുക്കുന്നത്. ഓഡിറ്റ് വർഷത്തിൽ സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കുന്നത് കുറഞ്ഞത് ഇവ വരവിൽ എടുക്കുന്നതിന് തടസ്സമായിട്ടുണ്ട്. ക്യൂ ബില്ലിൽ ഉൾപ്പെട്ടതിനേത്തുടർന്ന് നിരവധി ബില്ലുകൾ ഓഡിറ്റ് വർഷത്തെ ചെലവായി അക്കൗണ്ട് ചെയ്യപ്പെട്ടിരുന്നില്ല. ഇതിനാലാണ് ഓഡിറ്റ് വർഷത്തിൽ ഗ്രാന്റുകളുടെ വരവിൽ കുറവുള്ളതായി കാണുന്നത്.

മുനിസിപ്പൽ ഫണ്ട് (ജനറൽ )കുറഞ്ഞു

2019-20 ബാലൻസ് ഷീറ്റ് Shedule B – 1 പ്രകാരം ആലുവ നഗരസഭയുടെ മുനിസിപ്പൽ ഫണ്ട് (മൈനസ്) 1,16,18,805.50 രൂപയാണ്. മുൻ വർഷം ഇത് 15,42,619.50 രൂപയായിരുന്നു. മുൻസിപ്പൽ ഫണ്ടിൽ വലിയ തോതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഇൻകം & എക്സ്പെന്റിച്ചർ പ്രകാരമുള്ള വരുമാനത്തെ അപേക്ഷിച്ച് ചെലവ് 1.30 കോടി രൂപ കൂടുതലാണ്. വരുമാനത്തെ അപേക്ഷിച്ച് ചെലവിലുണ്ടായ 1.30 കോടി രൂപയുടെ കൂടുതലാണ് മുനിസിപ്പൽ ഫണ്ടിന്റെ കുറവിന് കാരണമായത്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,40,57,508.00 | 2,40,57,508.00 | 12517427.00 | 11540081.00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 28,29,400.00 | 28,29,400.00 | 1556640.00 | 1272760.00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2,62,000.00 | 2,62,000.00 | 0 | 2,62,000.00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2,75,43,000.00 | 2,75,43,000.00 | 70,93,584.00 | 2,04,49,416.00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 52,66,000.00 | 52,66,000.00 | 2917563.00 | 2348437.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Basic Grant | 0 | 2,51,71,000.00 | 2,51,71,000.00 | 6594047.00 | 18576953.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Tied Fund | 0 | 4,24,636.00 | 4,24,636.00 | 0 | 4,24,636.00 |
| സാക്ഷരത | 8542.00 | 0 | 8542.00 | 0 | 8542.00 |
| ദുരിതാശ്വാസനിധി | 12000.00 | 0 | 12000.00 | 0 | 12000.00 |
| AUEGS തൊഴിലാളികളുടെ | 21,02,027.00 | 2,18,278.00 | 23,20,305.00 | 1,84,404.00 | 11,96,509.00 |

| | | | | | | |
|---|---|---|---|---|---|---|
| (തൊഴിലുറപ്പ് പദ്ധതി) | കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | (Interest) | | 9,39,392.00 | |

മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) ചെലവ് പ്രകാരം 70,93,584/- രൂപയും വാർഷിക കണക്ക് പ്രകാരം 6575632/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് 21,02,027.00 രൂപയാണെന്നിരിക്കെ AUEGS ക്യാഷ് ബുക്ക് പ്രകാരം 2019-20 ൽ 21,02,527.00 രൂപയാണ് മുന്നിരിപ്പ് കാണിച്ചിരിക്കുന്നത്. ഈ തുക വാർഷിക കണക്കുമായും പൊരുത്തപ്പെടുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 36/2019-2020 -ന് മറുപടി ലഭിച്ചിട്ടില്ല.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 128205.00 | 874657.00<br>9129.00<br>(Interest) | 10,11,991.00 | 5,59,973.00 | 4,52,018.00 |
| PMAY | 3465883.00 | 5554764.00<br>117214.00<br>(Interest) | 91,37,861.00 | 47,13,721.00 | 44,24,140.00 |
| Suchitwa Mission-Slaugher House | 14070294.00 | 10,37,798.00 | 1,51,08,092.00 | 89.00 | 1,51,08,003.00 |
| UIDSSMT | 9,37,370.00 | 53723.00<br>(Interest) | 9,91,093.00 | 24,701.00 | 9,66,392.00 |
| SNP Share | 21,18,972.00 | 364571.00 | 2483543.00 | 19,02,856.00 | 5,80,687.00 |
| Suchitwa Mission | 51,61,775.00 | 193593.00 | 5355368.00 | 5355368.00 | 0 |
| Suchitwa Mission Bank Of Baroda New Account | 0 | 5355368.00 | 5355368.00 | 0 | 5355368.00 |
| Suchitwa Mission ODF | 491274.00 | 0 | 0 | 130330.00 | 360944.00 |
| ബി ഫണ്ട് | 0 | 8584400.00 | 8584400.00 | 8584400.00 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1611201.00 | 11978998.00 | 13590199.00 | 11742337.00 | 1847862.00 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 175 | 11,47,63,978 | 87 | 3,06,79,261 | 88 | 49.71 |

ഓഡിറ്റ് വർഷത്തിൽ പദ്ധതി ചെലവിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 50 ശതമാനത്തിൽ താഴെ മാത്രമാണ് നടപ്പാക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 26.73 ശതമാനം തുകയാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മുൻ വർഷത്തെ ചെലവ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഓഡിറ്റ് വർഷത്തിൽ പകുതിയിൽ താഴെ മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ 7.69 കോടി രൂപയാണ് ചെലവുണ്ടായിരുന്നതെങ്കിൽ 2019-20 ൽ ഇത് 3.06 കോടി മാത്രമാണ്.

ട്രഷറിയിൽ നിന്നും ബില്ലുകൾ മാറാൻ സാധിക്കാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഗണ്യമായ കുറവുണ്ടായത്. എന്നിരുന്നാലും മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ എണ്ണത്തിലും ഓഡിറ്റ് വർഷത്തിൽ വളരെ കുറവാണ്ടായിട്ടുണ്ട്. 2018-19 ൽ 181 പദ്ധതികൾക്ക് അംഗീകാരം വാങ്ങി 132 എണ്ണം നടപ്പാക്കിയപ്പോൾ 2019-20 ൽ 175 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിൽ 87 എണ്ണമാണ് നടപ്പാക്കിയത്. പദ്ധതി നടത്തിപ്പിൽ നഗരസഭക്ക് ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ലായെന്നാണ് മേൽപ്പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 17,35,000 | 2 | 10,00,000 | 1 |
| സെക്രട്ടറി | 15 | 1,96,18,825 | 8 | 35,68,151 | 7 |
| വെറ്ററിനറി സർജൻ | 5 | 5,66,913 | 4 | 2,57,4863 | 1 |
| പ്രോജക്റ്റ് ഓഫീസർ-നഗര ദാരിദ്ര നിർമാർജ്ജന സെൽ | 16 | 93,59,996 | 4 | 24,81,107 | 12 |
| മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) | 2 | 10,45,000 | 2 | 7,40,617 | 0 |
| ICDS സൂപ്പർ വൈസർ | 10 | 43,93,232 | 8 | 23,51,466 | 2 |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | 4 | 40,90,933 | 3 | 35,33,073 | 1 |
| അസ്സി. എഞ്ചിനീയർ | 120 | 73954079 | 56 | 16747361 | 64 |
| ആകെ | 175 | 11,47,63,978 | 87 | 3,06,79,261 | 88 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2102027.00 | 218278.00 | 2320305.00 | 184404.00 | 1196509.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 939392.00 | |

2019-2020 വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരുപ്പ് 11,97,009 രൂപ എന്നാണ് കാണുന്നത്. മേൽപ്പറഞ്ഞ നീക്കിയിരുപ്പും വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരുപ്പും തമ്മിൽ 500/- രൂപയുടെ വ്യത്യാസം ഉണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 36/2019-2020 -ന് മറുപടി ലഭിച്ചിട്ടില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | 1,20,000.00 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 73,200.00 | 37 |
| വിധവാപെൻഷൻ | 22,65,000.00 | 1083 |
| വാർദ്ധക്യകാലപെൻഷൻ | 54,23,100.00 | 2589 |
| വികലാംഗപെൻഷൻ | 5,83,700.00 | 298 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,39,400.00 | 45 |
| ആകെ | 87,04,400.00 | |

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭ അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഉദ്യോഗസ്ഥ ഭരണ തലത്തിൽ ക്രീയാത്മക സമീപനം അനിവാര്യമാണെന്നിരിക്കെ ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിക്കുന്നതായി കാണുന്നില്ല. പദ്ധതി രേഖകളിലും വാർഷിക പദ്ധതികളിലും ബജറ്റിലുമെല്ലാം നഗരസഭയുടെ സമഗ്രമായ വികസനത്തിനും പുരോഗതിക്കും ഉതകുന്ന നിരവധി സ്വപ്ന പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ഇവയൊന്നും നടപ്പാക്കുന്നതിനോ പൂർത്തീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതായി കാണുന്നില്ല. നഗരസഭയുടെ സാമ്പത്തിക വളർച്ചക്കും സമഗ്ര പുരോഗതിക്കും അനിവാര്യമായ നിരവധി പ്രോജക്ടുകൾ വിഭാവനം ചെയ്തതായി കാണാൻ സാധിക്കും. ജനറൽ മാർക്കറ്റ് നിർമ്മാണം, അറവുശാല നിർമ്മാണം, മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം, തുമ്പൂർമുഴി മാലിന്യ സംസ്കരണം എന്നിങ്ങനെ നിരവധി പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ്. ഇവയ്ക്കായുള്ള പദ്ധതി ഫണ്ട് നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചതൊഴിച്ചാൽ മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതിന് അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

നഗരസഭയിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും റിക്കവറികൾ അതാത് സ്ഥാപനങ്ങളിൽ യഥാസമയം ഒടുക്കുന്നതിനും കാലതാമസമുണ്ടാകുന്നുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ജീവനക്കാർ കോടതിയെ സമീപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടില്ല. കോവിഡ് 19 ന്റെ സാഹചര്യത്തിൽ നഗരസഭയുടെ

തനത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്ന് അംഗീകരിക്കുമ്പോൾ തന്നെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ആവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ലയെന്നത് ഗുരുതര വീഴ്ചയാണ്. അതോടൊപ്പം പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് സാധിക്കുന്നില്ല. ജനറൽ മാർക്കറ്റ് നിർമ്മാണം പോലുള്ള പ്രോജക്ടുകൾ വർഷങ്ങളായി നടപ്പാക്കുമെന്ന് ആവർത്തിക്കുന്നുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. നിലവിലെ പ്രതികൂല സാഹചര്യത്തിൽ നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ തലത്തിലുള്ള സജീവ മായ ഇടപെടൽ അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ 07.06.2014 വരെ | 2011 ഏപ്രിൽ മുതൽ 30.09.2013 വരെ | 01.12.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 02.12.2019 വരെ | 2018-2019 | 03.01.2020 |

## 1-11 നഗരപാലിക സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് - പൊതുവായ അപാകതകൾ

ഇൻഫോർമേഷൻ കേരള മിഷന്റെ (IKM) നേതൃത്വത്തിലാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണം നടത്തപ്പെടുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ സ്ഥാപിതമായിരിക്കുന്ന സ്വതന്ത്ര ചുമതലയുള്ള സ്ഥാപനമാണ് ഇൻഫോർമേഷൻ കേരള മിഷൻ (IKM). സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിലും ആധുനീകരിക്കുന്നതിലും ഈ സ്ഥാപനം വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. ഇൻഫോർമേഷൻ കേരള മിഷൻ (IKM) വികസിപ്പിച്ചെടുത്തിട്ടുള്ള നിരവധി സോഫ്റ്റ് വെയറുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഇവയിൽ താരതമ്യേന നല്ല രീതിയിൽ പ്രവർത്തനക്ഷമമായിരിക്കുന്നതാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ അക്കൌണ്ട് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറായ സാംഖ്യ. അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി രീതിയിലാണ് സാംഖ്യ സോഫ്റ്റ് വെയറിൽ ഇടപാടുകൾ അക്കൗണ്ട് ചെയ്യുന്നത്. സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് സമഗ്രവും ആധികാരികവുമായ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സാഖ്യ സോഫ്റ്റ് വെയറിലൂടെ സാധിക്കുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ടിങ്ങ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് സാംഖ്യ സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിരിക്കുന്നത്. താരതമ്യേന നല്ല രീതിയിൽ

പ്രവർത്തനക്ഷമമെന്ന് പറയുമ്പോളും നിരവധിയായ പോരായ്മകൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട് എന്നതാണ് യാഥാർത്ഥ്യം.

1. വരുമാനങ്ങൾ അക്കൗണ്ട് ചെയ്യുന്നതിൽ അക്കൗണ്ടിങ്ങ് റൂൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. അക്കൗണ്ടിങ്ങ് റൂളിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തെങ്കിലും സാംഖ്യ നടപ്പാക്കിയതിന്റെ പ്രാരംഭ ഘട്ടത്തിൽ സംഭവിച്ച നിരവധിയായ അപാകതകൾ ഇപ്പോഴും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നുണ്ട്. ഉദാഹരണമായി സാംഖ്യയുടെ ആരംഭത്തിൽ ആസ്തി ബാധ്യതകളുടെ ശരിയായ വിവരങ്ങളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ തന്നെ നഗരസഭയുടെ നിലിലെ ആസ്തി ബാധ്യതകളുടെ ശരിയായ പ്രതിഫലനമല്ല ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. വരവുകളേയും ചെലവുകളേയും അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നതിലും നിരവധിയായ വീഴ്ചകൾ സംഭവിക്കുന്നുണ്ട്. യഥാർത്ഥ വരവ്, ബാധ്യതാ ഹെഡിലുള്ള വരവ്, ആസ്തി ഹെഡിലുള്ള വരവ്, യഥാർത്ഥ ചെലവ്, ബാധ്യതാ ഹെഡിലുള്ള ചെലവ്, ആസ്തി ഹെഡിലുള്ള ചെലവ് എന്നിങ്ങനെ വേർതിരിക്കുന്നതിലും നിരവധിയായ തെറ്റുകൾ സംഭവിക്കുന്നുണ്ട്.

2. വരവുകളുടെ കൃത്യമായ ഡിമാന്റ് നിർണ്ണയിക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചകൾക്കൊപ്പം സർക്കാർ തലത്തിലെടുക്കുന്ന തീരുമാനങ്ങളിൽ അടിക്കടിയുണ്ടാകുന്ന മാറ്റങ്ങളും കാരണമാകുന്നുണ്ട്. ആവശ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും അഭാവത്തിൽ മുൻ വർഷങ്ങളിലെ വരവിന്റ് അടിസ്ഥാനത്തിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തി ഡിമാന്റ് നിർണ്ണയിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, ഡി&ഒ, പി.എഫ്.എ ലൈസൻസ്, റെന്റ് ഓൺ ലാന്റ് & ബിൽഡിംഗ് തുടങ്ങിയ റവന്യൂ സംവിധാനം കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറാണ് സഞ്ചയ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന വരവിനങ്ങളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറായതിനാൽ സഞ്ചയ സോഫ്റ്റ് വെയർ വ്യാപകമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ചുവരുന്നു. സഞ്ചയ സോഫ്റ്റ് വെയർ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മുൻകാല വിവരങ്ങളുടെ ഡാറ്റാ എൻട്രി അനിവാര്യമാണ്. എന്നാൽ നഗരസഭയിൽ വസ്തു നികുതി വിവരങ്ങളുടെ ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തിയായിട്ടില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ഈ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ധാരാളം കെട്ടിടങ്ങൾ ഉണ്ട്. ഇതിനാൽ തന്നെ വരവിനങ്ങളുടെ ഡിമാന്റ് സോഫ്റ്റ് വെയറിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഇതോടൊപ്പം വസ്തു നികുതി നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാബല്യത്തിയതിയിലും നിരക്കുകളിലും ഉണ്ടായ മാറ്റങ്ങളും കൃത്യമായ ഡിമാന്റ് നിർണ്ണയിക്കുന്നതിൽ തടസ്സമായിട്ടുണ്ട്.

3. 2007 ലെ നഗരസഭാ അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തൊട്ടടുത്ത മാസം 7ാം തിയതി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ പ്രതിമാസ റിക്കൺസിലേഷൻ ആലുവ നഗരസഭയിൽ നടക്കുന്നില്ല. കൂടാതെ ചട്ടം 54 പ്രകാരമുള്ള റിക്കൺസിലിയേഷൻ നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിലും ഇവ പരിശോധിക്കുന്നതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടാകുന്നുണ്ട്. റിക്കൺസിലിയേഷൻ നടപടിക്രമങ്ങളും ഇവയുടെ പരിശോധനയും വാർഷികമായി നിർവ്വഹിക്കപ്പെടുന്നതാണ് കാണുന്നത്. അതോടൊപ്പം സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ ആധികാരികത പരിശോധിക്കുന്നതിൽ വേണ്ടത്ര പ്രാധാന്യം കാണിക്കുന്നില്ല. ഉദാ : ഒരിക്കൽ ഇഷ്യൂ ചെയ്ത ചെക്കിന് 3 മാസത്തെ കാലാവധിയുള്ളൂ എന്നിരിക്കെ, സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ഇഷ്യൂ ചെയ്ത ചെക്ക് 3 മാസത്തിനുള്ളിൽ കളക്ഷൻ നടന്നിട്ടില്ലങ്കിൽ റിവേഴ്സ് എൻട്രി ചെയ്ത് റിക്കൺസിലിയേഷൻ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഒരു വർഷത്തിലധികം കാലാവധി കഴിഞ്ഞ നിരവധി ചെക്കുകൾ ഇത്തരത്തിൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ കാണുന്നുണ്ട്. ശരിയായ വേരിഫിക്കേഷന്റെ അഭാവമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

4. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ അവ ചെലവഴിക്കപ്പെടുന്നതുവരെ ബാധ്യത ഹെഡിൽ എടുക്കേണ്ടതും ഇവ ചെലവ് ചെയ്യുമ്പോൾ റവന്യൂ ചെലവുകളാണെങ്കിൽ റവന്യൂ വരവായ് എടുത്ത് റവന്യൂ ചെലവായി രേഖപ്പെടുത്തേണ്ടതും ക്യാപിറ്റൽ ചെലവുകളാണെങ്കിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനായി വകമാറ്റേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ പൂർണ്ണമായും ശരിയായി രേഖപ്പെടുത്തലുകൾ നടക്കുന്നതായി കാണുന്നില്ല. ബാലൻസ് ഷീറ്റിലെ ബാധ്യതാ ഹെഡിലുള്ള ഇത്തരം നീക്കിയിരിപ്പുകൾക്ക് തുല്യമായ നീക്കിയിരിപ്പുകൾ ആസ്തി ഭാഗത്തെ ബാങ്ക് / ട്രഷറി ഹെഡുകളിൽ കൃത്യമായി കണ്ടെത്താൻ സാധിക്കുന്നില്ല. അതോടൊപ്പം നഗരസഭ സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ ബാധ്യതാ ഹെഡിൽ വരവെടുക്കുന്നതിനുപകരം തനത് വരുമാനം പോലെ വരവ് ചെയ്ത് റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

5. അക്കൗണ്ടുകളുടെ ബാഹുല്യം അംക്കൗണ്ടിങ്ങിനെ പ്രതികൂലമായിമ ബാധിക്കുന്നുണ്ടെന്നത് അംഗീകരിക്കുന്നതോടൊപ്പം ഓരോ നഗരസഭക്കും സവിശേഷമായുണ്ടാകുന്ന വരവ് ചെലവുകൾക്ക് ഹെഡുകൾ ഇല്ലയെന്നതും പ്രത്യകമായി കണക്കാക്കേണ്ടതുണ്ട്. ഉദാഹരണമായി ആലുവ നഗരസഭയുടെ നേതൃത്വത്തിൽ നടക്കുന്ന ശിവരാത്രി വ്യാപാരോത്സവത്തിന്റെ വരവ് ചെലവുകൾക്ക് പ്രത്യേകം ഹെഡ് അനിവാര്യമാണ്. എന്നാൽ ഇത്തരത്തിൽ ഹെഡ്ഡില്ലാത്തതുമൂലം Other Incomes എന്ന ഹെഡിൽ

വരവെടുക്കുകയും നിലവിൽ സാംഖ്യയിലുള്ള സമാനമായ ഹെഡ്ഡുകളിൽ ചെലവ് രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇതുമൂലം ശിവരാത്രി വ്യാപാരോത്സവത്തിന്റെ വരവ് ചെലവുകൾ സാംഖ്യയിൽ നിന്നും ലഭിക്കുന്നില്ല.

6. അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയും സഞ്ചയയും തമ്മിലുള്ള സംയോജനവും (Integration) നാളിതുവരെ നടത്താൻ സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മുൻകാല വിവരങ്ങളുടെ ഡാറ്റാ എൻട്രി അനിവാര്യമാണ്. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാബല്യത്തിയതിയിലും നിരക്കുകളിലും ഉണ്ടായ മാറ്റങ്ങൾ ഡാറ്റാ എൻട്രി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് തടസ്സമായിട്ടുണ്ട്. ആലുവ നഗരസഭയിൽ വസ്തു നികുതി വിവരങ്ങളുടെ ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തിയായിട്ടില്ല. വസ്തു നികുതി എൻട്രി വരുത്തിയിട്ടുള്ളവയിൽ തന്നെ അടിസ്ഥാന വിവരങ്ങൾ അപൂർണ്ണമാണ്.

അതിനാൽ തന്നെ നഗരസഭകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ തമ്മിലുള്ള പരസ്പര സംയോജനം ( Integration ) ഇനിയും സാധ്യമായിട്ടില്ല. ഡാറ്റാ എൻട്രി പൂർത്തിയാക്കി സോഫ്റ്റ് വെയറുകൾ തമ്മിലുള്ള സംയോജനം ( Integration ) പൂർത്തീകരിച്ചാലാണ് പൂർണ്ണ അളവിൽ ഇവയുടെ ഗുണം ലഭിക്കുകയുള്ളൂ. ഉദാഹരണമായി, സാമൂഹ്യ സുരക്ഷ പെൻഷൻ സോഫ്റ്റ് വെയർ (സേവന) മരണ രജിസ്ട്രേഷന്റെ (സേവന) സോഫ്റ്റ് വെയറുമായി സംയോജനം (Integration) നടത്താവുന്നതാണ്. മരണപ്പെട്ട ആളുടെ ആധാർ നമ്പർ രജിസ്ട്രേഷൻ സമയത്ത് ചേർക്കാവുന്നതാണ്. ഇത്തരത്തിൽ ആധാർ ഉപയോഗിച്ച് ലിങ്ക് ചെയ്യുന്നതിലൂടെ മരണപ്പെട്ട ആളുടെ പെൻഷൻ മരണ സമയത്തുതന്നെ പെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാകുന്നതാണ്. പെൻഷണർ മറ്റൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിൽ വച്ച് മരണപ്പെടുകയും മരണം അവിടെ രജിസ്റ്റർ ചെയ്യപ്പെട്ടാലും രജിസ്ട്രേഷൻ സമയത്ത് പെൻഷണറുടെ സ്ഥിര താമസം രേഖപ്പെടുത്തുന്നതിലൂടെ പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാകുന്നതാണ്. മറ്റൊരു ഉദാഹരണമായി സങ്കേതം സോഫ്റ്റ് വെയറിലെ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തി, വസ്തു നികുതിയുടെ സഞ്ചയയുമായി സംയോജിപ്പിക്കുന്നതിലൂടെ വസ്തു നികുതി നിർണ്ണയം എളുപ്പമാക്കാവുന്നതാണ്. നഗരസഭയുടെ വരവ് - ചെലവുകളെ സ്വാധീനിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയുമായി സംയോജിപ്പിക്കുന്നതിലുടെ അക്കൗണ്ടിങ്ങ് ജോലികൾ ലഘൂകരിക്കുന്നതിനും കൃത്യത ഉറപ്പ് വരുത്തുന്നതിനും സാധിക്കും. ഡബിൾ എൻട്രി സമ്പ്രദായത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സാംഖ്യയിൽ സാധിക്കുന്നില്ലയെന്നതും ഒരു പ്രധാന ന്യൂനതയായി കണക്കാക്കാവുന്നതാണ്. ബജറ്റ് സാംഖ്യാ അധിഷ്ഠിതമായാൽ ബജറ്റ് വിഹിതം അധികരിച്ച് നടക്കുന്ന

ചെലവുകൾ നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്. ഓരോ ചെലവുകളെയും അവയുടെ ചെലവ് സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ക്യാപിറ്റൽ, റവന്യൂ ചെലവുകളാക്കി തിരിച്ചിരിക്കുന്നതിൽ വ്യതിയാനമുണ്ടാകുന്നതായി കാണുന്നു. നഗരസഭകളിൽ സ്ഥിരമായി അക്കൗണ്ടിങ്ങ് ജോലി ചെയ്യുന്നതിനായി അക്കൗണ്ടന്റ് തസ്തിക ഇല്ലാത്തതും മതിയായ പരിശീലനം ലഭിക്കാത്തും അക്കൗണ്ടിങ്ങിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

7. ജീവനക്കാരുടെ പെൻഷൻ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് കണക്കുകൾ വാർഷിക കണക്കുകളിൽ ശരിയായി പ്രതിഫലിക്കുന്നില്ല. പെൻഷൻ ഫണ്ട് ഇനത്തിൽ 4.08 കോടി രൂപയും പ്രോവിഡന്റ് ഫണ്ടിനത്തിൽ 49 ലക്ഷത്തിലധികം രൂപയും ബാധ്യതയായി വാർഷിക കണക്കിൽ കാണുന്നുണ്ട്. ഇവയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല. വർഷങ്ങളായി പെൻഷൻ ഫണ്ടിനത്തിൽ തുകയൊന്നും നഗരസഭ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. അതേ സമയം 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ പെൻഷൻ വിതരണം ചെയ്ത തുകയുമായി തട്ടിക്കിഴിക്കുമ്പോൾ 3.07 കോടി രൂപ നഗരസഭക്ക് ലഭിക്കാനുണ്ടെന്നാണ് പെൻഷൻ സംബന്ധിച്ച ഫയൽ (ഫയൽ നമ്പർ - ജി-22876/97) പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. മേല്പറഞ്ഞതിൽ നിന്നും നഗരസഭയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ലയെന്ന് മനസ്സിലാക്കാവുന്നതാണ്.

അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറിലൂടെ ജനറേറ്റ് ചെയ്യുന്ന സ്റ്റേറ്റ്മെന്റുകൾ നഗരസഭയുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ലയെന്ന് മേല്പറഞ്ഞതിൽ നിന്നും വ്യക്തമാണ്. വരവിനങ്ങളുടെ യഥാർത്ഥ ഡിമാന്റ് നിർണ്ണയിക്കാൻ പറ്റാത്തതും ആസ്തി ബാധ്യതകളുടെ ശരിയായ മൂല്യനിർണ്ണയം നടത്തി പ്രാരംഭ ഘട്ടത്തിൽ സാഖ്യയിൽ രേഖപ്പെടുത്താൻ സാധിക്കാത്തതും അക്കൗണ്ടിങ്ങ് നടപടികളിലെ പോരായ്മകളുമെല്ലാം ഇതിന് കാരണമാണ്.

1-12 നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശം

ആലുവ നഗരസഭ അഭിമുഖികരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി താഴെ സൂചിപ്പിക്കുന്ന വസ്തുതകളിൽ നിന്നും ഇത് മനസ്സിലാക്കാവുന്നതാണ്.

1. ശമ്പളവും പെൻഷനും യഥാസമയം നൽകുന്നതിന് നഗരസഭക്ക് നിലവിൽ സാധിക്കുന്നില്ല. ദൈനംദിന ചെലവുകൾക്കുള്ള പണം പോലും കണ്ടെത്താൻ സാധിക്കുന്നില്ല.
2. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 1.49 കോടി രൂപ കുടിശ്ശിക.
3. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കുന്നതിൽ കാലതാമസം.

1) ശമ്പളവും പെൻഷനും യഥാസമയം നൽകുന്നതിന് നഗരസഭക്ക് നിലവിൽ സാധിക്കുന്നില്ല.

നഗരസഭയുടെ തനത് വരുമാനവും ജനറൽ പർപ്പസ് ഗ്രാന്റും ചേർത്താൽ പോലും ജീവനക്കാരുടെ ശമ്പളവും പെൻഷനുമുൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ യഥാസമയം നിർവ്വഹിക്കാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല. 2019 ജൂൺ, ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ശമ്പളം ഒരാഴ്ച കഴിഞ്ഞാണ് വിതരണം ചെയ്തിട്ടുള്ളത്. 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ശമ്പളം ജൂൺ മാസത്തിലാണ് ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഇപ്രകാരം ശമ്പളം വൈകിയത്. നഗരസഭയുടെ അവസാനത്തെ മൂന്ന് സാമ്പത്തിക വർഷത്തെ തനത് വരുമാനത്തിന്റേയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടേയും വിവരം പരിശോധിച്ചാൽ വരവിനേക്കാൾ ചെലവ് അധികരിച്ച് നിൽക്കുന്നത് കാണാം. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 2019-20 | | | |
|---|---|---|---|
| തനത് വരുമാനം | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | |
| ഇനം | തുക | ഇനം | തുക |
| പ്രധാന നികുതി നികുതിയേതര വരുമാനം | 7,52,46,840.00 | ശമ്പളം പെൻഷൻ ഉൾപ്പെടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചിലവുകൾ | 11,80,19,163.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,19,78,998.00 | | |
| ആകെ | 8,72,25,838.00 | ആകെ | 11,80,19,163.00 |
| വരുമാനത്തിൽ അധികരിച്ച ചെലവ് | 3,07,93,325.00 | | |
| 2018-19 | | | |
| തനത് വരുമാനം | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | |
| ഇനം | തുക | ഇനം | തുക |
| പ്രധാന നികുതി നികുതിയേതര വരുമാനം | 9,32,00,924.00 | ശമ്പളം പെൻഷൻ ഉൾപ്പെടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചിലവുകൾ | 12,06,47,674.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,94,86,270.00 | | |
| ആകെ | 11,26,87,194.00 | ആകെ | 12,06,47,674.00 |
| വരുമാനത്തിൽ അധികരിച്ച ചെലവ് | 79,60,480.00 | | |
| 2017-18 | | | |
| തനത് വരുമാനം | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | |
| ഇനം | തുക | ഇനം | തുക |
| പ്രധാന നികുതി നികുതിയേതര വരുമാനം | 7,93,18,226.00 | ശമ്പളം പെൻഷൻ ഉൾപ്പെടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചിലവുകൾ | 11,06,72,462.00 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 92,13,000.00 | | |
| ആകെ | 8,85,31,226.00 | ആകെ | 11,06,72,462.00 |
| വരുമാനത്തിൽ അധികരിച്ച ചെലവ് | 2,21,41,236.00 | | |

തുടർച്ചയായ മൂന്ന് വർഷങ്ങളിലും വരവിനേക്കാൾ ചെലവ് അധികരിച്ച് നിൽക്കുന്നത് നഗരസഭയുടെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഗുരുതരാവസ്ഥ വ്യക്തമാക്കുന്നു.

സാമ്പത്തിക പ്രതിസന്ധി മൂലം നഗരസഭയുടെ പ്രധാനപ്പെട്ട ചില നിക്ഷേപങ്ങൾ നിത്യനിദാന ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ ഇടയായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) മാർക്കറ്റ് ഡെപ്പോസിറ്റ്

നഗരസഭയിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ജനറൽ മാർക്കറ്റ് നിർമ്മാണത്തിനായി 77 വ്യാപാരികളിൽ നിന്നും 88.50 ലക്ഷം രൂപ 2014 ജൂലൈ മാസത്തിൽ സ്വീകരിച്ചിരുന്നു. ഈ തുക 26.12.2017 വരെ SBI യുടെ ആലുവ റെയിൽവേ സ്റ്റേഷൻ റോഡ് ബ്രാഞ്ചിലെ 67111918371 അക്കൗണ്ടിലും തുടർന്ന് പഞ്ചാബ് നാഷണൽ ബാങ്കിലെ പ്രത്യേക അക്കൗണ്ടിലാണ് (Punjab National Bank – Escrow A/c No.49823) നിക്ഷേപിച്ചിരിക്കുന്നത്. 6 വർഷത്തെ ബാങ്ക് പലിശ കണക്കാക്കുമ്പോൾ നിലവിൽ ഈ തുക 1 കോടിക്ക് മുകളിലുണ്ടാകേണ്ടതാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുമ്പോൾ ഈ അക്കൗണ്ടിൽ നിന്നും നിരവധി തവണ ഗണ്യമായ തുക പിൻവലിച്ചതായും തിരികെ നിക്ഷേപിച്ചതായും കാണുന്നു. ഓഡിറ്റിന് സമർപ്പിച്ച നഗരസഭയുടെ 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടിൽ 2.15 ലക്ഷം രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. മാർക്കറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ലന്നിരിക്കെ വ്യാപാരികളിൽ നിന്നും സ്വീകരിച്ച ഡെപ്പോസിറ്റ് തുക നഗരസഭയുടെ മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിരിക്കുകയാണ്.

ബി) ശിവരാത്രി ഡെപ്പോസിറ്റ്

| 57 | 20/ | P.O. Joseph | Advocate | I & II | 1250<br>1250 |
| 58 | 20/ | Shabeer M.A | Mobile Shop | I & II | 300<br>300 |
| 59 | 20/ | Manager | Devan Housing Finance | I & II | 750<br>750 |
| 60 | 20/ | P.H.Ashraf | A.S Tourist Home | I & II | 750<br>750 |
| 61 | 20/ | Jaison Joseph | Advocate | I & II | 1250<br>1250 |
| 62 | 20/ | John & Biju | Advocate | I & II | 1250<br>1250 |
| 63 | 20/ | Ismail, | Advocate | I & II | 1250<br>1250 |
| 64 | 20/ | Ajith Raju J.N | Advocate | I & II | 1250<br>1250 |
| 65 | 20/ | Mathew Manavalan | Advocate | I & II | 1250<br>1250 |
| 66 | 20/ | Neethu | Advocate | I & II | 1250<br>1250 |
| 67 | 20/ | Suni Kuriakose | Advocate | I & II | 1250<br>1250 |
| 68 | 20/ | Mary Tresia | Advocate | I & II | 1250<br>1250 |

| | | | | | |
|---|---|---|---|---|---|
| 69 | 20/ | Vany Sree K.R. | Advocate | I & II | 1250 1250 |
| 70 | 20/ | C. Sreekumarn Nair | Advocate | I & II | 1250 1250 |
| 71 | 20/ | V.M. Sajan | Advocate | I & II | 1250 1250 |
| 72 | 20/ | Fathima Sadhik | Advocate | I & II | 1250 1250 |
| 73 | 20/ | Benny Varghese | Advocate | I & II | 1250 1250 |
| 74 | 20/ | Aluva Law Chamber | Advocate | I & II | 300 300 |
| 75 | 20/ | Jibi Baby | Babys Bakery | I & II | 1250 1250 |
| 76 | 20/ | V.K. Aliyar | Model Plastic | I & II | 300 300 |
| 77 | 20/ | Shibu Raphal | Design Flex | I & II | 450 450 |
| 78 | 20/ | Proprietor | ABN Distributors | I & II | 600 600 |
| 79 | 20/ | Muhammed Saneer | Cochin Distributors | I & II | 750 750 |
| 80 | 20/ | Francis Dominic | Fact Sub-Depot | I & II | 1000 1000 |
| 81 | 20/ | M.T. Joy | Finance | I & II | 600 600 |
| 82 | 20/ | Rijoy K Joy | Hill Product | I & II | 750 750 |
| 83 | 20/ | Baharudhin T.T. | Rukhiya Stores | I & II | 300 300 |
| 84 | 20/ | Sheda Francis | Cosmetics | I & II | 450 450 |
| 85 | 20/ | Tony Abraham | Philip's Distributors | I & II | 1250 1250 |
| 86 | 20/649 | Aleerudhen | Mobile Service | I & II | 300 300 |
| 87 | 20/ | Proprietor | Adaya Kada | I & II | 300 300 |
| 88 | | T.P.Nazar | Henna Beauty Collection | I & II | 450 450 |
| 89 | 20/ | Eldhose | | I & II | 450 450 |
| 90 | 20/ | Jewellery Works | | I & II | 300 300 |
| 91 | 20/299 | Sunitha | S.R. Medicals | II | 600 |
| 92 | 20/ | Suresh | Rajgopal | I & II | 600 600 |
| 93 | 20/ | A.K. Jose | Greenland Bakers | I & II | 450 450 |
| 94 | 20/ | Lalitha | Karthika Professional | I & II | 600 600 |

| | | | | | |
|---|---|---|---|---|---|
| | | | Beauty Clinic | | |
| 95 | 20/133(2) | District Police | District Police Credit Co-operative Society | II | 1250 |
| 96 | 20/556 | Geo Service | Geo Service & Technologies PVT Ltd | II | 1250 |
| | | | | Total | 145680 |

| വാർഡ്-21 | | | | | |
|---|---|---|---|---|---|
| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
| 1 | 21/ | Poly | Theppu Kada | I & II | 300<br>300 |
| 2 | 21/50 | Shajahan | Saadiya Chicken Centre | I & II | 450<br>450 |
| 3 | 21/106 | Sinish | Patel Roadways | II | 1250 |
| 4 | 21/152 | Ramla M.M. | Vintage Aromatics | I & II | 300<br>300 |
| 5 | 21/181 | Jayakumar N | Venkiteswara Fast Food | I & II | 300<br>300 |
| 6 | 21/197 | Kunjumuhammed | Divya Pollution Testing Centre | I & II | 300<br>300 |
| 7 | 21/204 | K.K. Narayanan | Pariyarath Automobile Workshop | I & II | 300<br>300 |
| 8 | 21/215 | Sukumarn | Kannat Autoworkshop | I & II | 450<br>450 |
| 9 | 21/252 | George K | Jgnatius Wheels Auot Mangers | I & II | 450<br>450 |
| 10 | 21/284(1) | Manager | Sreejaya Jyothi Cement | I & II | 1250<br>1250 |
| 11 | 21/332 | Abdul Gafoor P.A | Royal Traders | I & II | 450<br>450 |
| 12 | 21/ | Daniel | Carpentary | I & II | 300<br>300 |
| 13 | 21/399 | Baburaj | Selection | I &II | 300<br>300 |
| 14 | 21/40 | Manager | Aluva Mill Stores (Cattle Market Room No.3) | I & II | 450<br>450 |
| 15 | 21/57 | Devi Shankar | Sastha Traders | I &II | 180<br>180 |
| 16 | 21/ | Chandra Mohan | Vanika Textiles | I &II | 1250<br>1250 |
| 17 | 21/214-A | Anas | Vintage Autos | I & II | 300<br>300 |

| | | | | | |
|---|---|---|---|---|---|
| 18 | 21/234 | Sudheer | Flame Multicar Service Centre | I & II | 300<br>300 |
| 19 | 21/370(4) | Preethi P.S. | Anand Stationeries & Pet Foods | II | 450 |
| | | | | Total | 16960 |

| വാർഡ്-22 | | | | | |
|---|---|---|---|---|---|
| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
| 1 | 22/49 | C.L.Thomas | Chungath Automobile | II | 180 |
| 2 | 22/52 | Madanan | Minima Diesel | II | 450 |
| 3 | 22/64 | Ansil | Funfun Fitters | I & II | 1250<br>1250 |
| 4 | 22/ | Jabbar P.K. | Street Hut Teashop | I & II | 300<br>300 |
| 5 | 22/46(5) | Annamalai Chettiar, Subramanyam | Anjani Portland Cement Ltd | I & II | 300<br>300 |
| 6 | 22/96(3) | Jomet K Jose | B.C. Foods (India) | II | 600 |
| 7 | 22/ | K.R. Sachitu Pai | Fin Suraksha Insurance Marketing & Consultancy Service | II | 1250 |
| | | | | Total | 6180 |

| വാർഡ്-23 | | | | | |
|---|---|---|---|---|---|
| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
| 1 | 23/1837 | Remy Jose | Sparkle Institute Design & Entrance Coding | II | 600 |
| 2 | 23 | Shanavas | C Class (Bunk) | I & II | 300<br>300 |
| 3 | 23/ | Shammem M,K | Hotel Thalassery | I &II | 750<br>750 |
| 4 | 23/860 | Shajeek | Hair Cutting | I & II | 300<br>300 |
| 5 | 23/862 | Paulose A.H. | Nazar Cool Bar | I & II | 300<br>300 |
| 6 | 23/706 | Tony Joseph | C T. Exports & Imports | I & II | 300<br>300 |
| 7 | 23/929 | Johny Urmese | Kerala Hardware | II | 450 |
| 8 | 23/963 | Unnikrishnan | Urogulf Travels | I & II | 450<br>450 |
| 9 | 23/990 | Beevi Nazar | K.K. Vessels | II | 300 |
| 10 | 23/1108 | Siyavudheen | Online Shoppe | I & II | 450 |

| | | | | | |
|---|---|---|---|---|---|
| | | K.A | | | 450 |
| 11 | 23/1245 | Jain Paul | Tructine Watertech | I &II | 300<br>300 |
| 12 | 27/1241 | Sunil Anand | Enviro Machine System | I & II | 300<br>300 |
| 13 | 23/1273 | Mohammed Basheer | New Saiba Sweets | I & II | 600<br>600 |
| 14 | 23/1288 | Pauly Antony | Pictures & Frames | I & II | 300<br>300 |
| 15 | 23/1301 | Nawas | Max Wedding Cards | I & II | 300<br>300 |
| 16 | 23/1306(2) | Prasad AP | AP Tailors | I & II | 300<br>300 |
| 17 | 23/1313 | Domson | Shalimar Pet Shop | I & II | 300<br>300 |
| 18 | 23/1404 | CA Muhammed Kasim | National Traders | I & II | 450<br>450 |
| 19 | 23/1361 | Abdul Najeeb | MSR Stores | I & II | 600<br>600 |
| 20 | 23/1392 | Francis | Karakkat Finance | I & II | 600<br>600 |
| 21 | 23/1356 | R Mohan Nambiar | Nambiar Traders | I &II | 300<br>300 |
| 22 | 23/ | Xavier | Raju Stores | I & II | 600<br>600 |
| 23 | 23/280(3) | Muhammed Basheer | Fish Market Dryfish | I & II | 300<br>300 |
| 24 | 23/280(4) | CA Mehaboob | Dry Fish | I &II | 300<br>300 |
| 25 | 23/280 (10) | Abdul Salam | Dry Fish | I & II | 300<br>300 |
| 26 | 23/280(11) | Shelly Varghese | Meat | I & II | 300<br>300 |
| 27 | 23/280(9) | Suneer | Meat | I & II | 600<br>600 |
| 28 | 23/280(7) | Salim | Meat | I & II | 600<br>600 |
| 29 | 23/280 (16) | Sujan T.E. | Fish | II | 450 |
| 30 | 23/280(20) | Joby PJ & PA Tenson | Fish | II | 450 |
| 31 | 23/ | Javeed | PMJ Vegetable | I & II | 450<br>450 |
| 32 | 23/1433 | Ashik S.H | N.R. Traders | I & II | 600<br>600 |
| 33 | 23/1433 | Santhosh C | CK Traders | I & II | 600<br>600 |
| 34 | 23/1612(1) | Muhammed Rasalm A | A M Stores | I &II | 300<br>300 |
| 35 | 23/457 | Shanil T.B | Authorised Technologies | I & II | 300<br>300 |

| | | | | | |
|---|---|---|---|---|---|
| 36 | 23/1455(4) | Kunju K | Metro Agencies | I & II | 300<br>300 |
| 37 | 23/450 | Mahin TM | Digital Computers | II | 450 |
| 38 | 23/955 | Jaya Prasad | Gradient | I & II | 450<br>450 |
| 39 | 23/947 | Faisal | FAS Media | I & II | 450<br>450 |
| 40 | 23/1237 | Boban E.A | Vadakkan Trading Co | II | 300 |
| 41 | 23/280(7) | Salim | Meat Merchant | I &II | 750<br>750 |
| 42 | 23/949 | Abdul Jaleel | Green Leaf Ayur Pharma | I & II | 450<br>450 |
| 43 | 23/ | Savyo, Riyo, | We Worth Recruitment Services | I & II | 300<br>300 |
| 44 | 23/1097 | Jemi A Augustine | Ooty Vegetables | I & II | 300<br>300 |
| 45 | 23/941 | Raja Gopala Krishnan | Arya Bhavan Hotel | I & II | 450<br>450 |
| 46 | 23/838 | Shibi Thomas | S B Fin Corp | I & II | 300<br>300 |
| 47 | 23/1291 | Tension Thomas | Melson Metals | II | 450 |
| 48 | 23/571 | Govind Automan | Space Parts | I & II | 300<br>300 |
| 49 | 23/224 | Muhammed Ashiq | | II | 750 |
| 50 | 23/728 | Shaji V.H | Hotel Yaman | I & II | 300<br>300 |
| 51 | 23/1068 | Febina | Eastern Traders | II | 300 |
| 52 | 23/ | Thanveer | Sparrow Tours And Travels | I & II | 450<br>450 |
| 53 | 23/117 | Rijas | Sona Travels | I & II | 600<br>600 |
| 54 | 23/229 | Sauda Sakirhursain | Super Style | I & II | 600<br>600 |
| 55 | 23/543, 544 | M.D. Babu | Vegetable Merchant | I & II | 750<br>750 |
| 56 | 23/576 | T.A. Muhammed Ali | Banana Merchant | I &II | 450<br>450 |
| 57 | 23/585 | Manager | Mini Muthoot Nidhi Kerala Ltd | II | 1000 |
| 58 | 23/596,597 | Sidhique Akbar & Muhammed Suheer | Torque Cycle Shop | I & II | 600<br>600 |
| 59 | 23/605,606 | Haris P.A. | Ahadia Pardha | I & II | 600<br>600 |
| 60 | 23/ | Ashkar | Kunjumuhammed | I & II | 600 |

| | | | | | |
|---|---|---|---|---|---|
| | | | & Son | | 600 |
| | | | | Total | 48400 |

വാർഡ്-24

| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
|---|---|---|---|---|---|
| 1 | 24/ | Shihas Sharajudheen | Al Waha Holidays | I & II | 750 750 |
| 2 | 24/52 | Chandramathy | Milma Booth Stailoring | I & II | 450 450 |
| 3 | 24/307, 306 | Krishnan | C Class Shop | I & II | 450 450 |
| 4 | 24/ | C.M.Antony | Gopurathingal Stores | I & II | 600 600 |
| 5 | 24/36 | Ashok Kumar | AB Developers (Construction) | I & II | 1250 1250 |
| 6 | 24/180 | P.K. Alikunju | Soda Shop | I &II | 180 180 |
| 7 | 24/ | Biju Vivi's | Number Plates | I & II | 300 300 |
| 8 | 24/162 | Navas | Al-marai Biriyani Shop | I & II | 750 750 |
| 9 | 24/321 | Shahida P.A | 24 Hrs Tea Spot | I & II | 450 450 |
| 10 | 24/139 | Yousuf | New India Aluminium | I & II | 300 300 |
| 11 | 24/141(2) | Haidi | Sbeti Stitching Centre | I & II | 180 180 |
| 12 | 24/429 | Manager | HDFC Bank, Paravoor Junction | II | 1250 |
| | | | | TOTAL | 12570 |

വാർഡ്-25

| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
|---|---|---|---|---|---|
| 1 | 25/ | George | Vellayil Upholstery | I & II | 450 450 |
| 2 | 25/95 | Joseph T.T. | Thanipilly Industries | I & II | 300 300 |
| 3 | 25/ | Rama S.A | Nice & Clean Dry Celan Centre | I & II | 300 300 |
| 4 | 25/315(5) | Sijoy George | Cool Wave Refrigerator | II | 600 |
| | | | | Total | 2700 |

വാർഡ്-26

| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | അർദ്ധവാർഷികം | തുക |
|---|---|---|---|---|---|
| 1 | 26/ | Ambily R | Textiles | I & II | 600 |

| | | | | | |
|---|---|---|---|---|---|
| | | Nair | | | 600 |
| | | | | Total | 1200 |

| | |
|---|---|
| ആകെ | 4,75,590 രൂപ |

2019-20 സാമ്പത്തിക വർഷത്തിലെ മാത്രം കുടിശ്ശികയായ മേൽ തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളും പിരിവിന്റെ പുരോഗതിയും ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 19.10.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 30/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നഗരസഭ സെക്രട്ടറിയുടെ ഉത്തരവാദിത്തത്തിൽ വരുന്നതായിരിക്കും.

2) സ്ഥാപന തൊഴിൽനികുതി - വർഷങ്ങളായുള്ള കുടിശ്ശികയുടെ വിവരങ്ങൾ

2017-18 മുതൽ 2019-20 വരെയുള്ള തുടർച്ചയായ 3 വർഷങ്ങളിൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് ലഭ്യമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തൻവർഷ ഡിമാന്റ് തുക | അരിയർ ഡിമാന്റ് | തൻവർഷ കളക്ഷൻ തുക | | |
|---|---|---|---|---|---|
| | | | അരിയർ | കറന്റ് | ആകെ |
| 2017-18 | 30,89,219 | 57,05,915 | 4,62,300 | 21,57,310 | 26,19,610 |
| 2018-19 | 31,13,295 | 62,00,284 | 9,84,250 | 19,95,269 | 29,79,519 |
| 2019-20 | 35,82,058 | 63,27,530 | 5,72,880 | 31,95,692 | 37,68,572 |

മേൽ പട്ടിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ അരിയർ ഡിമാന്റായി വർഷം തോറും വൻ തുകകൾ കുടിശ്ശികയായി കാണുന്നുണ്ട്. കുടിശ്ശിക തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തില്ലെങ്കിൽ ആയത് കാലഹരണപ്പെട്ടുമെന്നിരിക്കെ ഇത്തരത്തിൽ കുടിശ്ശികയുണ്ടാകുന്നത് അംഗീകരിക്കാവുന്നതല്ല. 2019-20 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 4,75,590 രൂപ ആണ് വർഷാവസാനം തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാനുള്ളത്. എന്നാൽ ആ വർഷത്തെ ഡിമാന്റ് ഉള്ള 35,82,058 രൂപയിൽ 32,12,005 രൂപ നഗരസഭ പിരിച്ചെടുക്കുകയും ബാക്കി 3,70,053 രൂപ കുടിശ്ശികയുമാണ് ബാലൻസ് ഷീറ്റ് പ്രകാരം കാണിച്ചിരിക്കുന്നത്. അതായത് 1,06,037 (476090-370053)രൂപയുടെ വ്യത്യാസം കാണുന്നു. നഗരസഭയിൽ സൂക്ഷിക്കുന്ന രജിസ്റ്ററും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2018-19 സാമ്പത്തിക വർഷാവസാനം ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ആകെ 63,27,530 രൂ നഗരസഭയിൽ കുടിശ്ശികയുണ്ട് . ആയതിൽ 5,72,880 രൂപ 2019-20 ൽ അരിയർ ആയി ഈടാക്കിയതായി അക്കൗണ്ട്സ് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കാനുള്ള അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം വർഷങ്ങളായി കുടിശ്ശിക വരുന്ന തുകകൾ ഈടാക്കിയെടുക്കുന്നതിന് നഗരസഭ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും നഗരസഭയിൽ സൂക്ഷിക്കുന്ന രജിസ്റ്ററും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടാത്തതിനുള്ള കാരണവും

ആരാഞ്ഞ് കൊണ്ട് നൽകിയ മേൽ എൻക്വയറിക്കും മറുപടി നൽകിയിട്ടില്ല. നഗരസഭയുടെ യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ സാധിക്കുന്ന കുടിശ്ശിക തിട്ടപ്പെടുത്തി ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കിട്ടാൻ സാദ്ധ്യത ഇല്ലാത്തവ Write Off ചെയ്ത് അക്കൗണ്ട്സ് ക്രമീകരിക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുമാണ് .

3)<u>പൊതുവായ നിരീക്ഷണങ്ങളും ശുപാർശകളും</u>

A) നഗരസഭ ഡിമാന്റ് ചെയ്ത് ഈടാക്കുന്ന ട്രേഡേഴ്സ്/ പ്രൊഫഷണൽസ്/ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിൽ നിന്നുള്ള തൊഴിൽ നികുതിയുടെ നിർണ്ണയത്തിനായി, വാർഡ് തിരിച്ച് ബിൽ കളക്ടർമാരെ നിയോഗിക്കുകയും ഇവർ ഫീൽഡ് പരിശോധന നടത്തി വ്യാപാരികൾ, സ്ഥാപനങ്ങൾ, മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരെ കണ്ടെത്തി ഓരോ അർദ്ധ വർഷവും ആരംഭിക്കുന്നതിനു മുന്പായി, പൂട്ടിപ്പോയ സ്ഥാപനങ്ങൾ ഒഴിവാക്കിയും പുതുതായി ആരംഭിച്ചവ കൂട്ടിച്ചേർത്തും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ആയത് റവന്യൂ ഇൻസ്പെക്ടർമാർ പരിശോധിച്ച് ബോധ്യപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി നികുതി നിർണ്ണയം നടത്തി ഫോറം 6 ൽ നോട്ടീസ് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ വ്യാപാരികളുടെ അർദ്ധവാർഷിക വിറ്റുവരവ് സംബന്ധിച്ച റിട്ടേണുകൾ രേഖാമൂലം ലഭ്യമാക്കാത്തതിനാൽ കൃത്യമായ മാനദണ്ഡപ്രകാരമാണ് തൊഴിൽ നികുതി അസസ് ചെയ്യപ്പെടുന്നത് എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. റവന്യൂ ഇൻസ്പെക്ടർമാർ സ്ഥാപനത്തിൽ നേരിട്ട് പരിശോധിച്ച് നികുതി നിർണ്ണയിച്ച് നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്. ടി ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങൾ, ജി.എസ്.ടി, ലേബർ,വ്യവസായ വകുപ്പുകൾ എന്നിവയിൽ നിന്ന് എടുക്കാവുന്ന വിവരങ്ങൾ ലഭ്യമാക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് കാണുന്നില്ല. ലിസ്റ്റിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും കെട്ടിട നമ്പർ രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും നിഷ്കർഷിക്കാവുന്നതാണ് .

B) തൊഴിൽ നികുതി ചട്ടം7,8 എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യത ഉള്ള ഏതൊരാളും ബിസിനസിന്റെ സ്വഭാവം മാറ്റുകയോ അവരുടെ സ്ഥാപനം കൈമാറ്റം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ ആ സംഗതി സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. സെക്രട്ടറി ഓരോ വർഷവും ഏപ്റിൽ മാസത്തിൽ ഫോറം നം.V ൽ നോട്ടീസ് നൽകി ഓരോ ഓഫീസ് മേധാവിക്കും/ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളുടെ വിവരം ആരായേണ്ടതാണ്. ടി നോട്ടീസ് നൽകി പഴുതടച്ച വിവരശേഖരണം ഉറപ്പുവരുത്തികാണുന്നില്ല. ഇത്തരത്തിൽ മാറ്റം കാണുന്ന സ്ഥാപനങ്ങളുടെ വിവരം ബിൽ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഉടൻതന്നെ നഗരസഭാ ഓഫീസിൽ അറിയിക്കുന്നതിന് കർശന നിർദ്ദേശം നൽകാവുന്നതാണ്.മേൽ സൂചിപ്പിച്ച കുറവുകൾ പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും,

മേലുദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതുമാണ്.

C)ട്രേഡ്ലിസ്റ്റ് തയ്യാറാക്കുമ്പോൾ എല്ലാ കെട്ടിടങ്ങളുടെയും കെട്ടിട നമ്പർ രേഖപ്പെടുത്തി കാണുന്നില്ല. ലിസ്റ്റ് തയ്യാറാക്കുമ്പോൾ വേക്കൻസി റെമിഷൻ രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ എന്നിവ ഉപയോഗപ്പെടുത്തി നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ വിട്ടുപോകുന്നില്ലെന്നും യഥാർത്ഥ കെട്ടിട നമ്പർ ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന പാർപ്പിടാവശ്യം ഒഴികെയുള്ള കെട്ടിടങ്ങളുടെ എണ്ണവും തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണവും താരതമ്യത്തിനു വിധേയമാക്കി സ്ഥാപനങ്ങൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്താവുന്നതാണ്.

D) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കാലികമായി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക കൃത്യമായി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. അക്കൌണ്ട്സ് പ്രകാരം 2019-20 അവസാനത്തിൽ ആകെ 61,24,703 രൂപ Traders ന്റെ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയായുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയവ പിരിച്ചെടുക്കുന്നതിലെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓരോ മാസവും അവലോകനം നടത്തേണ്ടതുമാണ്. കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ എടുക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/2019-20 ന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 വാടക കെട്ടിടങ്ങളിൽ നിന്ന് പിഴപ്പലിശ ഈടാക്കിയില്ല – നഷ്ടം 47,383 രൂപ

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട നഗരസഭ ബൈലോ പ്രകാരം തൻമാസം 5 -ാം തീയതിക്കകം വാടക തുക ഒടുക്കേണ്ടതും എന്നാൽ ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വാടക ഒടുക്കാത്തവർ പ്രതിമാസം 1% നിരക്കിൽ പിഴ സഹിതം തുക ഒടുക്കാൻ ബാദ്ധ്യസ്ഥരായിത്തീരുന്നതുമാണ്. നഗരസഭ വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വാടക കുടിശ്ശികയിന്മേൽ വരുന്ന പിഴ ഈടാക്കാത്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര്/റൂം നം. | പ്രതിമാസ വാടക | വാടക ഒടുക്കുന്ന കാലയളവ് | ഒടുക്കേണ്ട പിഴ (A) | ഒടുക്കിയ പിഴ (B) | തുക ഒടുക്കിയ മാസം | തുക ഒടുക്കിയ രസീത് നം/തീയതി | കുറവായി ഒടുക്കിയ പിഴ (A)-(b) |
|---|---|---|---|---|---|---|---|---|
| 1. | എം.എം. ഷൗക്കത്തലി NPA No: 103 | 12753 | 12/2018 To 01/2019 | 1658 (13%) | 893 | ജൂൺ 2019 | 102239/50654 11.06.2019 | 765 |
| 2. | രതീഷ്. ആർ. നാഥ് NPA No. 311 | 2761 | 2/2019 To 3/2019 | 249 (9%) | 83 | ജൂൺ 2019 | 102252/50667 11.06.2019 | 166 |
| 3. | രതീഷ്. ആർ. നാഥ് NPA No. 312 | 3037 (Arrear) | 2/19 To 3/19 | 273 (9%) | 282 | ജൂൺ 2019 | 102253/50668 11.06.2019 | 182 |
| | | 3189 (Current | 4/19 To 6/19 | 191(6% | | | | |

| ക്രമ നം | വാടകക്കാരന്റെ പേര്/റൂം നം. | പ്രതിമാസ വാടക | വാടക ഒടുക്കുന്ന കാലയളവ് | ഒടുക്കേണ്ട പിഴ (A) | ഒടുക്കിയ പിഴ (B) | തുക ഒടുക്കിയ മാസം | തുക ഒടുക്കിയ രസീത് നം/തീയതി | കുറവായി ഒടുക്കിയ പിഴ (A)-(b) |
|---|---|---|---|---|---|---|---|---|
| | | | | 464 | | | | |
| 4 | രതീഷ്. ആർ. നാഥ് NPA No. 313 | 3037 (Arrear) | 2/19 To 3/19 | 273 (9%) | 282 | ജൂൺ 2019 | 102254/50669 11.06.2019 | 182 |
| | | 3189 (Current | 4/19 To 6/19 | 191(6% | | | | |
| | | | | 464 | | | | |
| 5 | കെ.എസ്. മുഹമ്മദാലി Bunk No: 2 | 1142 | 4/19 To 6/19 | 69 (6%) | 57 | ജൂൺ 2019 | 102268/50683 11.06.2019 | 12 |
| 6 | ടി.എസ്. ഷെഫീഖ് RH No. 15 | 11895 (Arrear) | 2/19 To 3/19 | 1071 (9%) | 1106 | ജൂൺ 2019 | 102362/50780 14.06.2019 | 714 |
| | | 12490 (Current | 4/19 To 6/19 | 749 (6% | | | | |
| | | | | 1820 | | | | |
| 7 | ടി.എസ്. ഷെഫീഖ് RH No. 21 | 21694 | 12/18 To 1/19 | 2820 (13%) | 1085 | ജൂൺ 2019 | 102363/50781 14.06.2019 | 1735 |
| 8 | വി.എ. അബ്ദുൾ ഖാദർ ഹാജി RGBT No. 10 | 4843 (Arrear) | 5/18 To 11/18 | 3729 (77%) | 1356 | ജൂൺ 2019 | 102368/50786 14.06.2019 | 2373 |
| 9 | ജോയ് മാത്യൂ, ഓൾഡ് ബസ് സ്റ്റാന്റ് (റൂം നം.4) | 3806 | 8/18 To 12/18 | 1712 (45%) | 570 | ജൂൺ 2019 | 102377/50795 14.06.2019 | 1142 |
| 10 | മമ്മൂട്ടി ബി.എം. RGBT No: 6 | 5046 (Arrear) | 3/19 | 202 (4%) | 209 | ജൂൺ 2019 | 102378/50796 14.06.2019 | 152 |
| | | 5298 (Current | 4/19 | 159 (3%) | | | | |
| | | | | 361 | | | | |
| 11 | റിഹാന മരക്കാർ, ന്യൂ സ്റ്റാന്റ് ബിൽഡിംഗ് -റൂം നം. 8 | 3266 (Arrear) | 4/18 To 3/19 | 3723 (114%) | 2753 | ജൂൺ 2019 | 102379/50797 14.06.2019 | 1176 |
| | | 3429 (Current | 4/19 To 6/19 | 206 (6%) | | | | |
| | | | | 3929 | | | | |
| 12 | ഷാനവാസ്, ബസ് ടെർമിനൽ, പഗോഡ് ബങ്ക് നം. -1 | 1036 | 9/18 To 3/19 | 508 (49%) | 289 | ജൂൺ 2019 | 102391/50809 14.06.2019 | 219 |
| 13 | നിസ്സാർ കെ.എം., NPA No: 105 | 12007 | 8/18 To 11/18 | 4563 (38%) | 3122 | ജൂൺ 2019 | 102398/50816 14.06.2019 | 1441 |
| 14 | ജോയ് പുതുശ്ശേരി, ബീഫ് സ്റ്റാൾ പുന. നം. 13 | 3715 (Arrear) | 3/19 | 149 (4%) | 271 | ജൂൺ 2019 | 102319/50736 13.06.2019 | 112 |
| | | 3901 (Current | 4/19 To 6/19 | 234 (6% | | | | |
| | | | | 383 | | | | |

| ക്രമ നം | വാടകക്കാരന്റെ പേര്/റൂം നം. | പ്രതിമാസ വാടക | വാടക ഒടുക്കുന്ന കാലയളവ് | ഒടുക്കേണ്ട പിഴ (A) | ഒടുക്കിയ പിഴ (B) | തുക ഒടുക്കിയ മാസം | തുക ഒടുക്കിയ രസീത് നം/തീയതി | കുറവായി ഒടുക്കിയ പിഴ (A)-(b) |
|---|---|---|---|---|---|---|---|---|
| 15 | സിയാദ് എ. NPA No: 201 | 5739 | 8/18 To 9/18 | 1205 (21%) | 860 | ജൂൺ 2019 | 102438/50856 17.06.2019 | 345 |
| 16 | അനി ബിന്ദു NPA No: 210 | 4517 (17-18 Arrear) | 1/18 To 3/18 | 2304 (51%) | 315 | ജൂൺ 2019 | 10500070/ 50867 17.06.2019 | 5716 |
| | | 4969 (Current | 4/18 To 9/18 | 3727 (75% | | | | |
| | | | | 6031 | | | | |
| 17 | വി.എൽ.ഷാലു M.M. New Block | 2794 Arrear) | 3/19 | 112 (4%) | 204 | ജൂൺ 2019 | 102449/ 50868 17.06.2019 | 84 |
| | | 2933 (Current | 4/19 To 6/19 | 176 (6% | | | | |
| | | | | 288 | | | | |
| 18 | ആനിസ് ബാബു RH No: 16 | 1532 Arrear) | 3/19 | 61 (4%) | 63 | ജൂൺ 2019 | 102505/ 50927 18.06.2019 | 46 |
| | | 1609 (Current | 4/19 | 48 (3%) | | | | |
| | | | | 109 | | | | |
| 19 | ടി.എം. അഷറഫ് മിൽമ ബൂത്ത് നം. -2 | 512 Arrear) | 3/19 | 20 (4%) | 37 | ജൂൺ 2019 | 102530/ 50952 19.06.2019 | 15 |
| | | 538 (Current | 4/19 To 6/19 | 32 (6% | | | | |
| | | | | 52 | | | | |
| 20 | എ.എച്ച്. അബ്ദുള്ള , ക്ലോക്ക് ടവർ 3rd Floor No: 2 | 4002 | 8/18 To 12/18 | 1801 (45%) | 1201 | ജൂൺ 2019 | 102417/ 50835 15.06.2019 | 600 |
| 21 | വിപിൻ വർഗ്ഗീസ് , RGBT. FF. No:3 | 5031 | 11/18 To 2/19 | 1107 (22%) | 503 | ജൂൺ 2019 | 101950/ 50350 01.06.2019 | 604 |
| 22 | കെ.ബി. ദാസപ്പ മേനോൻ MM Old : 14 | 382 | 8/18 To 3/19 | 229 (60%) | 138 | ജൂൺ 2019 | 102168/ 50580 07.06.2019 | 91 |
| 23 | കെ.കെ. സലീം ബീഫ് സ്റ്റാൾ നം. - 7 | 3715 | 4/18 To 6/18 | 1560 (42%) | 1226 | ജൂൺ 2019 | 102218/ 50632 10.06.2019 | 334 |
| 24 | അൻസിൽ വി.എ. NPA No: 203 | 7971 | 1/19 To 3/19 | 1196 (15%) | 717 | ജൂൺ 2019 | 102219/ 50633 10.06.2019 | 479 |
| 25 | ഷാജി തോമസ്, NPA No:- 101 | 12753 | 9/18 To 12/18 | 4336 (34%) | 2806 | ജൂൺ 2019 | 10500067/ 50637 10.06.2019 | 1530 |
| | | | | | | | ആകെ | 20,215.00 |

11.10.2019 -ലെ ചിട്ട പരിശോധനയിൽ നഗരസഭ നാലാം മൈലിൽ ലീസിനു നൽകിയിരിക്കുന്ന സ്ഥലത്തിന്റെ ജൂൺ 2019 മുതലുള്ള വാടക നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ കക്ഷി (ശ്രീ. പി.എ. മുഹമ്മദാലി) നേരിട്ട്

ഒടുക്കിയതായി കാണുന്നു. എന്നാൽ സ്ഥലവാടകയോടൊപ്പം പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | തുക ഒടുക്കേണ്ട മാസം | പ്രതിമാസ വാടക | തുക ഒടുക്കിയ രസീത് നം /തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1. | ജൂൺ 2019 | 1,81,118 | 800018/55729; 11.10.2019 | 9056 (5 %) |
| 2. | ജൂലൈ 2019 | 1,81,118 | 800019/55730; 11.10.2019 | 7245 (4 %) |
| 3. | ആഗസ്റ്റ് 2019 | 1,81,118 | 800020/55731; 11.10.2019 | 5434 (3 %) |
| 4. | സെപ്റ്റംബർ 2019 | 1,81,118 | 800021/55732; 11.10.2019 | 3622 (2 %) |
| 5. | ഒക്ടോബർ 2019 | 1,81,118 | 800022/55733; 11.10.2019 | 1811 (1 %) |
| | | | ആകെ | 27,168/- രൂപ |

ആകെ 20215 + 27168 = 47,383.00 രൂപ

മേൽ തുക ഈടാക്കേണ്ടത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി - 25/2019-20 തീയതി 25.01.2021 നൽകിയിരുന്നെങ്കിലും തുക മുഴുവനായി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുക നാളിതുവരെ ഈടാക്കിയതായി അറിയിച്ചില്ല. നഷ്ടത്തുക ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണ്.

1-19 നഗരസഭയുടെ കടമുറികളുടെ വാടക കുടിശ്ശിക വർദ്ധിക്കുന്നു -

ആലുവ നഗരസഭയിലെ കടമുറികളുടെ വാടക ഇനത്തിൽ 2019-20 -ൽ വൻ തുകയാണ് കുടിശ്ശികയുള്ളത്. വാടകക്കാർ വാടക കൃത്യമായി അടയ്ക്കുന്നില്ല. വാടക രജിസ്റ്ററിൽ ഡി.സി.ബി വർക്ക് ഔട്ട് ചെയ്തിട്ടില്ല. 2019-2020 -ലെ വാർഷിക കണക്ക് പ്രകാരം ഡി.സി.ബി കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് AFS പ്രകാരം | ശരിയായ ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|
| 2019-20 | 17733013 | 12586987 | 5168450 | 5146026 | 22424 |

അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് AFS പ്രകാരം | ശരിയായ ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|
| 2019-20 | 2687719 | 2651715 | 79369 | 36004 | 43365 |

1. മുകളിൽ കാണിച്ച പട്ടിക പ്രകാരം 51.68 ലക്ഷം രൂപയാണ് 2019-20 ലെ വാടക ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്. നഗരസഭ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ മേല്പറഞ്ഞ

പ്രകാരം ഗണ്യമായ കുടിശ്ശികയുണ്ടാകുന്നത് അംഗീകരിക്കാവുന്നതല്ല. കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് ബൈലോ പ്രകാരം നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഷിക കണക്ക് പ്രകാരമുള്ള വാടക വരവിന്റെ DCB യാണ് മുകളിൽ കാണിച്ചിട്ടുള്ളത്. ഡിമാന്റ് തുകയിൽ നിന്നും വരവ് തുക കുറക്കുമ്പോൾ കിട്ടുന്ന തുകയല്ല നീക്കിയിരിപ്പായി കാണുന്നത്.

മേല്പറഞ്ഞ പോരായ്മകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/2019-20 നുള്ള മറുപടിയിൽ തുക ഒടുക്കാത്ത കച്ചവടക്കാർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, അരിയർ, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടാത്തത് പരിശോധിക്കുന്നതാണെന്നും പരിശോധന പൂർത്തിയാകുന്ന മുറക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും നഗരസഭയിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-20 ബിൽഡിങ്ങ് പെർമിറ്റ് ഫീസ് നിർണ്ണയിക്കുന്നതിലെ അപാകത

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11.3 ലെ പട്ടിക IIപ്രകാരം വാസഗൃഹങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് 10 രൂപയുമാണ് നഗരസഭകൾ പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. 150 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് മേൽ ഫീസിന്റെ 50 ശതമാനമാണ് ഈടാക്കേണ്ടത്. എന്നാൽ ആലുവ നഗരസഭയിൽ ബിൽഡിംഗ് പെർമ്മിറ്റിനുള്ള അപേക്ഷകരിൽ നിന്ന് ഏകീകൃതമല്ലാതെയാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നത്.

സർക്കാർ വകുപ്പുകൾ, പൊതുമേഖല / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ചാർജ്ജുകൾ/ഫീസുകൾ എന്നിവയിൽ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിന് 08.03.2019 തീയതിയിലെ സ.ഉ (കൈ) നം. 28/2019/ധന സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 5% വർദ്ധനവ് വരുത്തിയ തുക 5 രൂപയുടെ ഗുണിതമായ തുകയല്ലെങ്കിൽ തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക പുതുക്കിയ തുകയായി നിശ്ചയിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ രണ്ട് രീതിയിലാണ് പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

1. ചട്ടപ്രകാരമുള്ള 7 രൂപ, 10 രൂപ എന്നീ അടിസ്ഥാന നിരക്കിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി, തൊട്ടടുത്തുള്ള അഞ്ചിന്റെ ഗുണിതത്തെ അടിസ്ഥാന നിരക്കായി കണക്കാക്കുന്നതാണ് ഒരു രീതി. ഇത് പ്രകാരം വാസഗൃഹങ്ങൾക്കുള്ള നിരക്കായ 7 രൂപയിൽ 5% വർദ്ധനവ് വരുത്തുമ്പോൾ 7.35 രൂപയാകുകയും തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ 10 രൂപയായി വാസഗൃഹങ്ങളുടെ അടിസ്ഥാന നിരക്ക് നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. ഇതേ മാതൃകയിൽ വാണിജ്യ കെട്ടിടങ്ങളുടെ ചട്ട പ്രകാരമുള്ള 10 രൂപയെ

5% വർദ്ധനവ് വരുത്തി, തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ 15 രൂപയായും നിർണ്ണയിച്ചിരിക്കുന്നു. മേല്പറഞ്ഞ രീതിയിൽ വാസഗൃഹങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് 15 രൂപയും അടിസ്ഥാന നിരക്ക് ഈടാക്കുന്നു. ഇതുമൂലം പെർമിറ്റ് ഫീസിൽ യഥാക്രമം 42%, 50% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

2. ഏതാനം കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ വിസ്തൃതിയെ ചട്ട പ്രകാരമുള്ള നിരക്ക കൊണ്ട് ഗുണിച്ച് കിട്ടുന്ന പെർമിറ്റ് ഫീസിൽ 5 % വർദ്ധനവ് വരുത്തി പെർമിറ്റ് ഫീസ് ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

മേല്പറഞ്ഞ രണ്ട് രീതിയിലും പെർമിറ്റ് ഫീസ് കണക്കാക്കുമ്പോൾ 100 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന്റെ ഫീസിലുണ്ടാകുന്ന വ്യത്യാസം താഴെ ഉദാഹരിക്കുന്നു.

<table>
<tr><td colspan="2">ക്രമ നമ്പർ 1 പ്രകാരം</td><td colspan="2">ക്രമ നമ്പർ 2 പ്രകാരം</td></tr>
<tr><td>കെട്ടിടത്തിന്റെ വിസ്തൃതി</td><td>100 M2</td><td>കെട്ടിടത്തിന്റെ വിസ്തൃതി</td><td>100m2</td></tr>
<tr><td>നിരക്ക്</td><td>15/m2</td><td>നിരക്ക്</td><td>10/m2</td></tr>
<tr><td rowspan="3">പെർമിറ്റ് ഫീസ് (5% വർദ്ധനവ് ഉൾപ്പെടെ)</td><td rowspan="3">1500.00</td><td>പെർമിറ്റ് ഫീസ്</td><td>1000.00</td></tr>
<tr><td>5% വർദ്ധനവ്</td><td>50.00</td></tr>
<tr><td>പെർമിറ്റ് ഫീസ് (5% വർദ്ധനവ് ഉൾപ്പെടെ)</td><td>1050.00</td></tr>
</table>

മേല്പറഞ്ഞ രണ്ട് രീതികളും താരതമ്യം ചെയ്യുമ്പോൾ 100ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 450 രൂപയുടെ വ്യത്യാസമാണുണ്ടാകുന്നത്. 2019-20 പെർമിറ്റുകളിൽ 31 കെട്ടിടങ്ങൾക്ക് മേല്പറഞ്ഞ രീതിയിൽ കൂടിയ നിരക്കും ബാക്കിയുള്ളവക്ക് കുറഞ്ഞ നിരക്കുമാണ് ഈടാക്കുന്നത്. അതേ സമയം ബിൽഡിംഗ് പെർമിറ്റ് ഓൺലൈനായി കൈകാര്യം ചെയ്യുന്ന 'സങ്കേതം' സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്യുന്ന Appendix - C പ്രകാരമുള്ള ബിൽഡിങ്ങ് പെർമിറ്റിൽ, നഗരസഭ ഈടാക്കുന്ന മേല്പറഞ്ഞ രണ്ട് രീതിയിലുമുള്ള പെർമിറ്റ് ഫീസിൽ നിന്നും വ്യത്യസ്തമായതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11.3 ലെ പട്ടിക II പ്രകാരം ഒടുക്കേണ്ടതുമായ തുകയാണ് (5 % വർദ്ധനവ് ഇല്ലാതെ) കാണിക്കുന്നത്.

മേല്പറഞ്ഞ പ്രകാരം ഏകീകൃതമല്ലാത്ത രീതിയിൽ പെർമിറ്റ് ഫീസ് ഈടാക്കുന്ന വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 23/2019-20 നുള്ള മറുപടിയിൽ മേല്പറഞ്ഞ ക്രമ നമ്പർ 1 പ്രകാരമാണ് ഫീസ് ഈടാക്കുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. ക്രമ നമ്പർ 2 ൽ പറയും പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കുന്നതിനേക്കുറിച്ചും 'സങ്കേതം' സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്യുന്ന Appendix – C പ്രകാരമുള്ള ബിൽഡിങ്ങ് പെർമിറ്റിൽ മേല്പറഞ്ഞ രണ്ട് രീതിയിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് ഫീസ്

കാണിക്കുന്നതിനും വിശദീകരണം നൽകിയിട്ടില്ല. മേല്പറഞ്ഞ അപാകത പരിഹരിച്ച് പെർമിറ്റ് ഫീസ് കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് അനുസൃതമായി ഏകീകൃത രീതിയിൽ കണക്കാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 വ്യാപാര ലൈസൻസ് - അപേക്ഷ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കും അവശ്യ രേഖകൾ ഇല്ലാത്തവർക്കും ലൈസൻസ് അനുവദിച്ചത് ചട്ടവിരുദ്ധം

2011 -ലെ കേരള മുനിസിപ്പാലിറ്റി ഡി & ഒ ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം (5), ചട്ടം (11) എന്നിവ പ്രകാരം 1 -ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു ആവശ്യത്തിലേക്കായി മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനും ആയത് നിശ്ചിത സമയത്ത് പുതുക്കുന്നതിനും നഗരസഭയിൽ നിന്നും ലഭിക്കുന്ന ഫോറം 1 - ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

1] അപേക്ഷ സമർപ്പിക്കാതെ ലൈസൻസ് അനുവദിച്ചവരുടെ വിവരം

വാർഡ് 21 -ൽ കെട്ടിട നം. 284(4) എന്ന ശ്രീ. ജോസ് പി.ഒ., പാറേപ്പിള്ളി വീട്, തൈനോത്തിൽ എന്ന വ്യക്തിക്ക് 'സിമന്റ് വ്യാപാരത്തിന്'' ( രജിസ്റ്ററിലെ പേജ് 17 -ൽ) അപേക്ഷ സമർപ്പിക്കാതെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. 28.02.2019 -ലെ രസീത് നം. 3966 പ്രകാരം ലൈസൻസ് ഫീ ആയി 2000/- രൂപ അടച്ചതായി രജിസ്റ്ററിൽ കാണുന്നുണ്ട്. എന്നാൽ നിശ്ചിത ഫോറത്തിൽ അപേക്ഷയും അനുബന്ധ അവശ്യരേഖകളും ഹാജരാക്കാതെയാണ് ഇയാൾക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. ആവശ്യമായ രേഖകൾ സമർപ്പിക്കാതെ നൽകിയ ലൈസൻസ് റദ്ദാക്കുകയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2] ഒരേ വാടക കെട്ടിടത്തിന് രണ്ടു പേർക്ക് വ്യത്യസ്ത ലൈസൻസ് നൽകി -കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കിയില്ല

വാർഡ് നം. 10 - ൽ ശ്രീ. സാമുവൽ തോമസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള X/107(1) -ാം നമ്പർ കമേഴ്ഷ്യൽ കെട്ടിടത്തിന്മേൽ 2 വ്യത്യസ്ത വ്യക്തികൾക്ക് ലൈസൻസ് നൽകിയതായി കാണുന്നു. ഡി&ഒ ചട്ടപ്രകാരം അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം നിശ്ചിത വിലയ്ക്കുള്ള മുദ്രപത്രത്തിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ അപേക്ഷയോടൊപ്പം അത് ഹാജരാക്കാതെ ഒരേ കെട്ടിടം രണ്ട് പേർ ലൈസൻസിനായി ഉപയോഗിച്ചതായി കാണുന്നു. എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം ഒരാളെ മാത്രമേ ചേർത്തിട്ടുള്ളൂ. പേജ് നം. 8 -ൽ സാവു തിലകൻ വി.ആർ, വരിക്കാശ്ശേരി എന്ന വ്യക്തിയ്ക്ക് 'Right Way To Lakshya' എന്ന PSC കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് 28.02.2019 -ൽ രസീത് നം. 4058 പ്രകാരം 1000/- രൂപ ഫീ അടപ്പിച്ച് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. അപേക്ഷയിൽ 16000/- രൂപ മാസ വാടകയ്ക്ക് ടിയാരി ടി കെട്ടിടം ഉപയോഗിച്ചു വരുന്നതായും വസ്തുനികുതി ഒടുക്കിയ രസീതും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇതേ

കെട്ടിടത്തിൽ Pazino Infotech Pvt Ltd എന്ന കൾസട്ടൻസി സ്ഥാപനം നടത്തുന്നതിനായി ശ്രീ. സാബു മാത്യൂ പൗലോസ്, നെടുമാരിൽ വീട്, നെല്ലാട് എന്ന വ്യക്തി നഗരസഭയിൽ 20.02.2019 -ൽ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും 2748 -ാം രസീത് നം. പ്രകാരം 2000/- രൂപ ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. ടി X/107(1) -ാം നമ്പർ കെട്ടിടത്തിൽ 13,230/-രൂപ വാടകയ്ക്കാണ് സ്ഥാപനം നടത്തുന്നതെന്ന് അപേക്ഷയിൽ പറഞ്ഞിട്ടുണ്ടെങ്കിലും വസ്തുനികുതിയോ മറ്റ് നികുതികളോ അടച്ചതിന്റെ കോപ്പിയോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഹാജരാക്കിയിട്ടില്ല. ഒരേ നമ്പറുള്ള കെട്ടിടത്തിൽ 2 വ്യത്യസ്ത വ്യക്തികൾക്ക് വ്യത്യസ്ത സ്ഥാപനങ്ങൾക്കായി ലൈസൻസ് നൽകി. കെട്ടിട ഉടമയുടെ സമ്മതപത്രമില്ലാതെ ശ്രീ.സാബു മാത്യൂ പൗലോസിന് ഇപ്രകാരം ലൈസൻസ് അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ചട്ട വിരുദ്ധമായി നൽകിയ ലൈസൻസ് റദ്ദാക്കേണ്ടതും ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടതും ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതുമാണ്.

മേൽ അപാകതകൾക്കെല്ലാം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 06/2019-20 തീയതി 19.10.2020 ന് നഗരസഭ നൽകിയ മറുപടിയിൽ മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല.

<u>പൊതുവായ അപാകതകൾ</u>

| ക്രമ നം | കണ്ടെത്തലുകൾ | ശുപാർശകൾ |
|---|---|---|
| 1 | ട്രേഡേഴ്സ് ലിസ്റ്റിൽ പൂർണ്ണമായ ഡാറ്റാ ബേസ് നിലവിലില്ല. നഗരസഭയുടെ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നുണ്ട് . എന്നാൽ ലഭ്യമാകുന്ന അപേക്ഷകളുടെ ക്രമത്തിലാണ് രജിസ്റ്ററിൽ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. | വസ്തു നികുതി രജിസ്റ്ററുകളുമായി ഒത്തുനോക്കി എല്ലാ നോൺ റെസിഡെൻഷ്യൽ ബിൽഡിംഗുകളും ഉൾപ്പെടുത്തി ഡാറ്റാ ബേസ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റിന്റെ ക്രമത്തിലുള്ള ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം ഫലപ്രദമാക്കേണ്ടതുമുണ്ട്. |
| 2 | കേരള മുനിസിപ്പാലിറ്റി നിയമം 447-ാം വകുപ്പ് പ്രകാരം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. സെക്ഷൻ 311 പ്രകാരം മുൻകൂട്ടിയുള്ള പുതുക്കിയ രജിസ്ട്രേഷൻ ഇല്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ട്. ഉദാഹരണമായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദീകരിച്ചിട്ടുള്ള, മേൽ നിയമങ്ങൾക്ക് വിരുദ്ധമായി ലൈസൻസോ രജിസ്ട്രേഷനോ പുതുക്കാതെ 2017-18 മുതൽ 'ടോണി | അത്തരം സ്ഥാപനങ്ങൾ കണ്ടെത്താൻ കൃത്യമായ ഇടവേളകളിൽ പ്രത്യേക സ്ക്വാഡിനെ നിയോഗിക്കാവുന്നതാണ്. നഗരസഭയുടെ കൃത്യമായ ഇടപെടലുകൾ ഇത്തരം വീഴ്ചകളിന്മേൽ സ്വീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| | ഫെർണാണ്ടസ് ഐ ഹോസ്പിറ്റൽ' എന്ന സ്വകാര്യ ആശുപത്രി പ്രവർത്തിച്ചു വരുന്നു. കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികളോ സെക്ഷൻ 314 പ്രകാരം വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകേണ്ട പിഴശിക്ഷയോ ഇതുവരെ ഈടാക്കിയതായി കാണുന്നില്ല | |
| 3 | ലൈസൻസ് പുതുക്കി നൽകുന്നതിന് അപേക്ഷ നൽകുമ്പോൾ ടി കെട്ടിടത്തിന്റെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ കുടിശ്ശിക ഇല്ലാതെ ഒടുക്കിയിട്ടുണ്ട് എന്ന് റവന്യൂ ഇൻസ്പെക്ടർമാർ സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രമാണ് ലൈസൻസ് അനുവദിക്കേണ്ടത്. എന്നാൽ മിക്ക അപേക്ഷകളിലും ആയവ ഒടുക്കിയതിന്റെ രസീത് ലഭ്യമല്ല | രസീതുകളുടെ കോപ്പി / രസീത് നമ്പർ പഴയ ലൈസൻസ് എന്നിവ എല്ലാ അപേക്ഷകളിലും ഉറപ്പ് വരുത്താവുന്നതാണ്. |
| 4 | ട്രേഡ്സ് ലിസ്റ്റ് ഓരോ വർഷവും നഗരസഭയിൽ തയ്യാറാക്കുന്നുണ്ട്. ബിൽ കളക്ടർമാർ 2019-20 ൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം നിലവിൽ 2292 എണ്ണവും പുതുതായി 62 സ്ഥാപനങ്ങളും തുടങ്ങിയതായാണ് കാണിച്ചിരിക്കുന്നത്. 96 സ്ഥാപനങ്ങൾ പൂട്ടിപ്പോയതിനാൽ അവ ഒഴിവാക്കി ആകെ 2354 സ്ഥാപനങ്ങളാണ് ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. സഞ്ചയയിൽ നിലവിലുള്ള ഡാറ്റാ ബേസ് പ്രകാരം ആലുവ നഗരസഭയിൽ ലൈസൻസ് ആവശ്യമുള്ള കെട്ടിടങ്ങളുടെ ആകെ എണ്ണം 7111 ആണ്. നിലവിൽ സഞ്ചയയിലെ കണക്കുകൾ കൃത്യമല്ല എന്ന വിവരമാണ് നഗരസഭയിൽ നിന്ന് ലഭ്യമാകുന്നത്. | സഞ്ചയ പ്രകാരം കെട്ടിടങ്ങളുടെ കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൽ വിട്ടുപോകുന്നില്ല എന്ന് ഉറപ്പാക്കാവുന്ന7താണ്. വേക്കൻസി റെമിഷൻ രജിസ്റ്റർ പ്രകാരം ഒത്തുനോക്കി ഒഴിഞ്ഞു കിടക്കുന്ന പാർപ്പിടേതര കെട്ടിടങ്ങൾ ഉണ്ടോയെന്നും അത്തരം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കാവുന്നതുമാണ്. |
| 5 | ചട്ടം 5 പ്രകാരം പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലം ഏത് തീയതി മുതൽ ആ ആവശ്യത്തിനായി ഉപയോഗിക്കുന്നുവോ ആ തീയതിക്ക് മുൻപ് 30 ദിവസത്തിൽ കുറയാതെയും 90ദിവസത്തിൽ കവിയാതെയും ലൈസൻസിനായി അപേക്ഷ നൽകേണ്ടതാണ്. എന്നാൽ പല സ്ഥാപനങ്ങളും മുൻകൂട്ടി ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തനം ആരംഭിക്കുന്നത്. പുതിയ അപേക്ഷകളിൻമേൽ പല സ്ഥാപനങ്ങളും പ്രവർത്തനം ആരംഭിച്ച തീയതി രേഖപ്പെടുത്താത്തതിനാൽ പിഴപ്പലിശയുടെ അടവ് കൃത്യമായി ഓഡിറ്റിന് വിധേയമാക്കാൻ സാധിക്കുന്നില്ല. | പ്രവർത്തനം ആരംഭിച്ച തീയതി വ്യക്തമായി രേഖപ്പെടുത്താൻ നിർദ്ദേശം നൽകേണ്ടതാണ്. ഇവരിൽ നിന്ന് ചട്ടം 11(4) പ്രകാരം 10-ാം ദിവസം വരെയുള്ള കാലതാമസത്തിന് വാർഷിക ഫീസിന്റെ 25% തുകയും അതിൽ കൂടുതൽ വരുന്ന ഓരോ 15 ദിവസത്തേക്കും 25% നിരക്കിലും അധിക ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ച് നൽകുകയാണ് ചെയ്യേണ്ടത്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് ബിൽ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകാവുന്നതാണ്. |

1-22 വിനോദ നികുതി - വരുമാന വർദ്ധനവില്ല

1961 ലെ കേരള ലോക്കൽഅതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് പ്രകാരമാണ് തദ്ദേശസ്ഥാപനങ്ങൾ

വിനോദനികുതി ഈടാക്കിയിരുന്നത്. നഗരസഭകളുടെ ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്ന വിനോദനികുതി 2017 ജൂലൈ 1 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനാൽ പൂർണ്ണമായി ഒഴിവാക്കിയിരുന്നു. അതിന്റെ മുൻ വർഷങ്ങളിൽ, 3 സിനിമാശാലകൾ പ്രവർത്തിക്കുന്ന ആലുവ നഗരസഭയിൽ, ഈ ഇനത്തിൽ ഏകദേശം ഒരുകോടിക്കു മുകളിൽ വാർഷിക വരുമാനമുണ്ടായിരുന്നു. ജി.എസ്.ടി ഏർപ്പെടുത്തിയതിനാൽ ആലുവ നഗരസഭയുടെ തനതു വരുമാനത്തിലും ആ ഇടിവ് കാര്യമായി പ്രതിഫലിച്ചു.

2015-16 മുതൽ നഗരസഭയുടെ ഈ ഇനത്തിലുള്ള വരവ് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 1,00,07,089 |
| 2016-17 | 1,11,62,925 |
| 2017-18 | 35,79,030 |
| 2018-19 | ഇല്ല |
| 2019-20 | 9,08,438 |

2019 ജനവരി 1 മുതൽ സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28 % ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മുൻപ് ലഭിച്ചുകൊണ്ടിരുന്ന വിനോദനികുതി പുന:സ്ഥാപിച്ചു നൽകാൻ തീരുമാനിച്ച് 1961 ലെ ആക്ടിലെ സെക്ഷൻ 3 ൽ സർക്കാർ ഭേദഗതി വരുത്തുകയും ചെയ്തു. ഇതു പ്രകാരം 10.06.2019 മുതൽ സിനിമാടിക്കറ്റിന്മേൽ 10% വിനോദനികുതി ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്ത് സർക്കാർ ഉത്തരവിറക്കി .[സ.ഉ(കൈ)63/2019/തസ്വഭവ.തീ:10.06.2019]. എന്നാൽ ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനെതിരെ സിനിമാ സംഘടനകൾ രംഗത്ത് വരികയും ബഹു. ഹൈക്കോടതി ഇടപെട്ട് ആയത് റദ്ദാക്കി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് സർക്കാർ സിനിമാ സംഘടനകളുമായി നടത്തിയ ചർച്ചകൾക്ക് ശേഷം 01.09.2019 മുതൽ 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വും, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വും വിനോദനികുതി ഏർപ്പെടുത്തി കൊണ്ട് മേൽ ഉത്തരവ് ഭേദഗതി ചെയ്ത് പുറപ്പെടുവിച്ചു. 31.08.2019 ലെ ഈ ഉത്തരവ് {സ.ഉ(കൈ)112/2019/തസ്വഭവ(ആർഡി) }പ്രകാരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തിയ്യറ്റർ ഉടമകൾ ത.സ്വ.ഭ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതു വരെ സിനിമാ ടിക്കറ്റുകൾ ത.സ്വ.ഭ സ്ഥാപനങ്ങളിൽ കൊണ്ട് പോയി സീൽ ചെയ്യേണ്ടതില്ല.ആലുവ നഗരസഭയിൽ 25.09.2019 ലെ കൗൺസിൽ തീരുമാനം നം.1 പ്രകാരം സിനിമാശാലകളിൽ നിന്ന് നികുതി ഈടാക്കാൻ തീരുമാനിക്കുകയും

സ.ഉ(കൈ)149/2019 തീ.22.11.19 അനുസരിച്ച് 16.11.2019 മുതൽ മേൽനിരക്കിൽ വിനോദനികുതി ഈടാക്കി വരികയുമാണ്.

നിലവിൽ വിനോദസഞ്ചാര മേഖലകളൊന്നും നഗരസഭയിലില്ല. അമ്യൂസ്മെന്റ് പാർക്കുകൾ, കളിസ്ഥലങ്ങൾ എന്നിവയിൽ നിന്ന് വരുമാനം ലഭ്യമാകുന്നില്ല. അത്തരത്തിലുള്ള കളിസ്ഥലങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. നഗരസഭയുടെ അധീനതയിലുള്ള മുനിസിപ്പൽ പാർക്ക് നവീകരിച്ച് മോടി പിടിപ്പിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയാണെങ്കിൽ ആയതിൽ നിന്ന് നഗരസഭയ്ക്ക് വിനോദനികുതി ഇനത്തിൽ ഒരു നല്ല വരുമാനസാദ്ധ്യത ലഭ്യമാക്കാവുന്നതാണ്. ആയതിലേയ്ക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | കണ്ടെത്തലുകൾ | ശുപാർശകൾ |
|---|---|---|
| 1 | ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകൾക്ക് ആനുപാതികമായാണ് വിനോദ നികുതി ഒടുക്കേണ്ടത്. തിയ്യറ്റർ ഉടമകൾ സമർപ്പിക്കുന്ന കണക്ക് യാതൊരുവിധ മേൽപരിശോധനകളും കൂടാതെ അംഗീകരിക്കുന്ന സ്ഥിതിയാണ് നഗരസഭയിലുള്ളത്. | ലഭ്യമാക്കുന്ന റിട്ടേണുകളുടെ ആധികാരികത ഉറപ്പു വരുത്തുന്നതിന് ചരക്ക് സേവന നികുതി വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്. |
| 2 | നഗരസഭാ പാർക്ക് ശോച്യാവസ്ഥയിലാണ് | ആയത് അറ്റകുറ്റപ്പണികൾ നടത്തി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായി തുറന്നു കൊടുത്താൽ നഗരസഭയ്ക്ക് വിനോദനികുതി ഇനത്തിൽ മറ്റൊരു വരുമാന മാർഗ്ഗമാണ്. |

1-23 പ്രളയ സെസ്സ് ഈടാക്കിയതിൽ കുറവ് - 1323 രൂപ നഷ്ടം

സ.ഉ(പി) നം.116/2019/Taxesതീ:30.07.2019പ്രകാരം നഗരസഭ വാടകക്ക് കൊടുക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന വാടക തുകയോടൊപ്പം 2019 ആഗസ്റ്റ് 1 മുതൽ സർക്കാർ നിർദ്ദേശിച്ച1% നിരക്കിലുള്ള പ്രളയസെസ്സ് ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക തുക | രസീത് നം/തീയതി | പ്രളയസൈസ് (1%) |
|---|---|---|---|---|
| 1 | മിനി വിദ്യാധരൻ (RGBT No. 11) | 5085 | 109040/57901 തീയതി 03.12.2019 | 51.00 |
| 2 | മാനേജർ, ഫെഡറൽ ബാങ്ക് (RH Building No. 24) | 30319 | 500338/57934 തീയതി 03.12.2019 | 303.00 |
| 3 | മാനേജർ, ഫെഡറൽ ബാങ്ക് (RH Building No. 1, 2, 19, 23) | 66745 | 500337/57933 തീയതി 03.12.2019 | 668.00 |
| 4 | ജീവരാജ് പി.വി.,(NPA-212) | 5217 | 500339/58001 തീയതി 04.12.2019 | 52.00 |
| 5 | മാനേജർ, KSFE(Old Bus Stand No.-12) | 10615 | 500341/58047 തീയതി 05.12.2019 | 106.00 |
| 6 | മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് (Building No. 10) | 9042 | 400116/57956 തീയതി 04.12.2019 | 90.00 |

| | | | | |
|---|---|---|---|---|
| 7 | Building No. 11 | 5250 | 400117/57957 തീയതി 04.12.2019 | 53.00 |
| 8 | പി. മുഹമ്മദാലി, നാലാം മൈൽ (Lease On Land) | 1,81,118 | | 10/2019 മുതൽ 3/2020 വരെ 6 മാസത്തെ പ്രളയ സെസ് = 1811 X 6 = 10866.00 രൂപ |
| | | ആകെ | | 12,189.00 |

ഇത് സംബന്ധിച്ച് 25.01.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി - 24/2019-20 ന് നഗരസഭാ സെക്രട്ടറിയുടെ R5-(A3) – 8051 തീയതി 03.02.2021 കത്തിനൊപ്പം നൽകിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയതിനേത്തുടർന്ന് ക്രമനമ്പർ (8) ലെ വാടകക്കാരൻ സെസ്സ് തുക ഒടുക്കിയതായും മറ്റ് കക്ഷികൾക്ക് ഓർമ്മക്കുറിപ്പ് നൽകുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 1323.00 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രണ്ട് തവണ ടാർ വില കുറച്ചു- അധിക പിൻവലിവ് രൂപ 51747/-സർക്കാരിലേക്ക് തിരിച്ചടയ്ക്കണം.

ഫയൽ നമ്പർ - E1-8243/18

പ്രോജക്ട് നമ്പർ - 145/20

ബിൽ - 46/19.07.2019 Rs. 7,39,341/-

8 -ാം വാർഡിൽ പൂർണ്ണ നഗർ റോഡ് പുനരുദ്ധാരണം, കാന സ്ലാബ്, സിമന്റ് കോൺക്രീറ്റ്, കട്ട വിരിക്കൽ ഫോർ ഫെഡറൽ ടവർ എന്ന പ്രവൃത്തിക്ക് 2018-19 -ൽ 8.50 ലക്ഷം രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ വകയിരുത്തിയിരുന്നു. ടെൻഡർ ക്ഷണിച്ചിട്ടുള്ള വേല ഏറ്റെടുക്കാൻ ആരും തയ്യാറായില്ലാത്തതിനാൽ ഓഫർ പ്രകാരം റ്റി.എ. ഷംസുദ്ദീൻ എന്ന കരാറുകാരന് 1 % കുറവിൽ വേല അനുവദിച്ചു. 29.12.2018 -ൽ ഈ വേലയുടെ കരാർ നിലവിൽ വന്നു. 6 മാസമാണ് വേലയുടെ പൂർത്തീകരണ കാലയളവ്. ഈ വേലയിൽ ടാർ ഉൾപ്പെട്ടിരുന്നതിനാൽ 8 ബാരൽ (VG 30) ടാറിന്റെ വിലയായി 46020/- രൂപ 19.01.2019 -ൽ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നമ്പർ 131/19.01.2019) BPCL -ന് നൽകിയിട്ടുണ്ട്. ഇപ്രകാരം ടാറിന്റെ വില നേരത്തെ പിൻവലിച്ചിരുന്നതിനാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ബില്ലിൽ നിന്നും ടാർവില കുറച്ചാൽ മാത്രം മതിയാകുമായിരുന്നു. പകരം ടാർ വില കുറവ് ചെയ്ത് ആ തുക സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുന്നു. ഇതുവഴി മെയിന്റനൻസ് ഗ്രാന്റ് തനതു ഫണ്ടിലേക്ക് വകമാറ്റുകയാണ് ചെയ്തിരിക്കുന്നത്. വകമാറ്റി തനത് ഫണ്ടിൽ നിക്ഷേപിച്ച തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. തുക വകമാറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

അളവ് പുസ്തകം 37/2018-19 പ്രകാരം

| | |
|---|---|
| വേലയുടെ ആകെ മൂല്യം | 740037.32 |
| കുറയ്ക്കുക- ടാർവില- ഡിപ്പാർട്ട്മെന്റ് സപ്ലൈ(VG 30)<br>1099.23 കി. @ 36.2378= 39833.68 | |
| 111.82 കി. @ 37.229= 4163.13 | 43996.81 |

| | | | | |
|---|---|---|---|---|
| അറ്റതുക | | | | 696040.51 |
| കുറയ്ക്കുക- .1% ടെൻഡർ കുറവ് | | | | 696.04 |
| | | | | 695344.47 |
| കൂട്ടുക- | ടാർവില | | | 43996.81 |
| ആകെ | | | | 739341.28 |
| കുറയ്ക്കുക | 1% ആദായനികുതി - | = | 7393 | |
| | 1% തൊഴിലാളി ക്ഷേമനിധി | = | 7393 | |
| | 2% ജി.എസ്.ടി | = | 14788 | |
| ഡിപ്പാർട്ട്മെന്റ് ടാർവില | | = | 43996.81 | |
| കാലിവീപ്പ 8 എണ്ണം@ 238 | | = | 1904 | |
| കാലി വീപ്പ ജി.എസ്.ടി | | = | 344 | |
| അധിക ടാറിന്റെ വില<br>148.77 @ 39.30 | | = | 5846.66 | 81665.47 |
| കരാറുകാരന് നൽകിയ തുക | | | | 657676.00 |

സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയത്

| | |
|---|---|
| ഡിപ്പാർട്ട്മെന്റ് ടാർവില | 43996.81 |
| അധിക ടാർ വില | 5846.66 |
| കാലിവീപ്പ | 1904.00 |
| ജി.എസ്.ടി | 344.00 |
| ആകെ | 52091.00 |

മുകളിൽ കാണിച്ചിട്ടുള്ള ജി.എസ്.റ്റി വിഹിതം 344 രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് ആ ഫണ്ടിലേക്ക് ബാക്കി തുകയായ 51747/- (52091-344) രൂപ തിരിച്ചടക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-25 CGST, SGST തുക കുറവ് ചെയ്യാതെ തുക അനുവദിച്ചു -2750രൂപ സർക്കാർ ഫണ്ടിന് നഷ്ടം

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S0039/18 |
| പ്രോജക്റ്റിന്റെ പേര് | : | ഊമൻകുഴിതടം ടൈലിങ്ങ്, റീടെയിനിങ്ങ് വാൾ പുനരുദ്ധാരണം മുതലായ വേലകൾ |
| കരാറുകാരൻ | : | സി.കെ.ഭാസി |
| പ്രോജക്റ്റ് കോസ്റ്റ് | | 8,50,000.00 |

| | | |
|---|---|---|
| ചെവല് തുക, ബിൽ നമ്പർ, തീയതി | :1)<br>:2) | 1,23,746.00 - 39/2018-19 Dtd 12.06.2018<br>1,67,264.00 - 60/2019-20 Dtd 19.08.2019 |
| എം ബുക്ക് നമ്പർ | : | 93/2017-18 |
| ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | : | അസ്സിസ്റ്റന്റ് എഞ്ചിനീയർ |

മേല്പറഞ്ഞ പ്രോജക്റ്റിന്റെ ചെലവ് തുക ഫസ്റ്റ് & പാർട്ട് ബില്ലും ഫൈനൽ ബില്ലുമായാണ് പാസ്സാക്കി നൽകിയത്. എം ബുക്ക് പ്രകാരം ആകെ ചെലവ് 2,91,010.42 രൂപയാണ്. ഇതിൽ ഫസ്റ്റ് & പാർട്ട് ബിൽ തുക 1,37,495.99 രൂപയാണ്. ഇതിൽ നിന്നും IT വിഹിതം (1%) 1375.00 രൂപയും നിർമ്മാണ തൊഴിലാളി ക്ഷേമ നികുതി വിഹിതം (1%) 1375.00 രൂപയും റിടെൻഷൻ (10%) 13,750.00 രൂപയും കിഴിച്ച് 1,20,996.00 രൂപ ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം കരാറുകാരന് അനുവദിച്ചു. ഈ ബില്ലിൽ നിന്നും CGST, SGST വിഹിതങ്ങൾ 1% വീതം (1375.00+1375.00 = 2750.00) കുറവ് ചെയ്തിരുന്നില്ല. ആകെ ചെലവായ 2,91,010.42 രൂപയിൽ നിന്നും പാർട്ട് ബിൽ തുകയായ 1,37,495.99 രൂപ കിഴിച്ച് 1,53,514.43 രൂപയും പിടിച്ചു വെച്ച റിടെൻഷൻ തുക 13750.00 രൂപയും ഉൾപ്പെടെ 1,67,264.00 രൂപ ഫൈനൽ ബിൽ പ്രകാരം അനുവദിച്ചപ്പോൾ CGST, SGST വിഹിതമായി 1536.00 രൂപ വീതം 3072.00 രൂപയാണ് കുറവ് ചെയ്തത്. ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന 2750.00 രൂപ ഫൈനൽ ബില്ലിലും കുറവ് ചെയ്തില്ല. ഇതുമൂലം ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത് CGST, SGST വിഹിതമായി ഒടുക്കേണ്ടിയിരുന്ന 2750.00 രൂപ കരാറുകാരന് അധികമായി നൽകി. അധികമായി നൽകിയ 2750 രൂപ തിരികെ ഈടാക്കി 1375.00 രൂപ വീതം CGST, SGST അക്കൗണ്ടുകളിൽ ഒടുക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

## 1-26 PMAY ഭവനനിർമ്മാണം പദ്ധതി വിഹിതം തക 120000/- രൂപ അധികം പിൻവലിച്ചു- സർക്കാരിലേക്ക് തിരിച്ചടക്കേണ്ടത് -സംബന്ധിച്ച്.

പി.എം.എ.വൈ (ഡി.പി.ആർ III) ഗുണഭോക്താവായ ശ്രീമതി ആബിദ കുളിയാട്ടിന് 4 ലക്ഷം രൂപയാണ് ഭവനനിർമ്മാണ സഹായധനമായി അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ താഴെ കാണിച്ച പ്രകാരം 5.2 ലക്ഷം രൂപ ഈ ഗുണഭോക്താവിന് നൽകുകയുണ്ടായി.

| ക്രമ നം. | ചെക്ക് നമ്പർ / ബിൽ നമ്പർ /തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | ചെക്ക് നമ്പർ - 137250/18.05.2019 | 40000 |
| 2 | ചെക്ക് നമ്പർ - 137253/11.06.2019 | 160000 |
| 3 | ബിൽ നമ്പർ - 105/16.01.2020 | 160000 |
| 4 | ബിൽ നമ്പർ - 65/27.08.2019 | 160000 |
| | ആകെ | 520000 |

ഈ തുകയിൽ രണ്ട് ലക്ഷം രൂപ കേന്ദ്രവിഹിതവും ബാക്കി 3.2 ലക്ഷം പദ്ധതി വിഹിതവുമാണ്. പദ്ധതി വിഹിതത്തിൽ നിന്നും കൂടുതൽ തുക നൽകിയെന്ന് കണ്ടതിനെ തുടർന്ന് അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കാൻ നിർദ്ദേശിക്കുകയും 1.2 ലക്ഷം രൂപ 05.03.2020 -ൽ പി.എം.എ.വൈ ബാങ്ക് അക്കൗണ്ടിൽ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. അധികമായി പിൻവലിച്ച പദ്ധതിവിഹിതം സർക്കാരിലേക്ക് ഒടുക്കാതെ ബാങ്കിൽ ഒടുക്കിയത് ക്രമവിരുദ്ധമാണ്. അധികമായി പിൻവലിച്ച 1.2 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 മിനി മാർക്കറ്റ് നവീകരണം- DPR തയ്യാറാക്കൽ- ഫീസിബിലിറ്റി പഠനം നടത്തിയില്ല- റിവ്യൂപെറ്റീഷൻ-നിയമോപദേശം തേടിയില്ല.

ഫയൽ നമ്പർ - E1-16598/18

മിനിമാർക്കറ്റ് നവീകരണം-ഡി.പി.ആർ തയ്യാറാക്കൽ എന്ന പ്രോജക്ടിന് 2018-19 -ൽ ധനകാര്യകമ്മീഷൻ ഗ്രാന്റായി 6.5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മിനിമാർക്കറ്റ് നവീകരിക്കുന്നതിന് ആവശ്യമായ ആർക്കിടെക്ചറൽ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ നടത്തി സ്ട്രക്ചറൽ ഡിസൈൻ, വിശദമായ എസ്റ്റിമേറ്റ്, ഫയർ NOC -യ്ക്ക് ആവശ്യമായ ഡ്രോയിംഗുകൾ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയാണ് പദ്ധതി കൊണ്ടുദ്ദേശിച്ചത്. 22.01.2019 -ൽ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിച്ചു. ടെൻഡർ ലഭിക്കാത്തതിനാൽ 23.02.2019 റീ ടെൻഡർ ചെയ്തു. കുറഞ്ഞ നിരക്കായ 5.31 ലക്ഷം രൂപയുടെ ഇ-ടെൻഡർ സമർപ്പിച്ച M/s ഗണേഷ് ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസസിന്റെ ടെൻഡർ നഗരസഭ അംഗീകരിച്ച് 07.03.2019 -ൽ സെലക്ഷൻ നോട്ടീസ് തയ്യാറായെങ്കിലും ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം കാരണം 29.05.2019 ലാണ് നോട്ടീസ് ഇഷ്യൂ ചെയ്തത്. 12.06.2019 -ൽ കരാർ ഒപ്പുവെച്ചു. 31.03.2020 ആണ് പൂർത്തീകരണ തീയതി. 4.64 കോടി (4,64,39,241.36/-) എസ്റ്റിമേറ്റുള്ള DPR ആണ് കരാറുകാരൻ തയ്യാറാക്കി നൽകിയത്. 10.02.2020 -ൽ DPR ഉം ഡ്രോയിംഗ്സും കരാറുകാരൻ നൽകിയതായി കാണുന്നു. 30.06.2020 -ലെ കൗൺസിൽ 7 -ാം തീരുമാനപ്രകാരം DPR അംഗീകരിച്ചു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അപാകതകൾ

ചുവടെ ചേർക്കുന്നു.

1. DPR പ്രകാരം മാർക്കറ്റ് നിർമ്മാണത്തിന് വേണ്ട തുക 4.65 കോടി രൂപയാണ്. ആലുവ ജനറൽ മാർക്കറ്റിന്റെ നിർമ്മാണത്തിന് പോലും തുക കണ്ടെത്താൻ നഗരസഭ വിഷമിക്കുന്ന സാഹചര്യത്തിൽ മിനി മാർക്കറ്റിന്റെ നവീകരണത്തിന് 4.65 കോടിയുടെ പദ്ധതി തയ്യാറാക്കിയത് പ്രായോഗികമായിരുന്നോ ? DPR ന് 6.5 ലക്ഷം രൂപയുടെ പദ്ധതി തുക വകയിരുത്തുമ്പോൾ നവീകരണത്തിന് വേണ്ടിവരുന്ന വലിയ തുക (4.65 കോടി രൂപ) എങ്ങനെ കണ്ടെത്തും എന്ന് നഗരസഭ വ്യക്തമാക്കിയിരുന്നില്ല. പ്രായോഗികതാപഠനം (Feasibility) നടത്താതെ പദ്ധതിയുടെ DPR -നായി 6.5 ലക്ഷം വകയിരുത്തിയത് എന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.
2. കരാറുകാരൻ നൽകിയ DPR നഗരസഭ 30.06.2020 -ൽ (തീരുമാനം നം. 7) അംഗീകരിച്ചതായി കാണുന്നു. എന്നാൽ കരാറുകാരന് കരാർ പ്രകാരമുള്ള തുക നഗരസഭ നൽകിയില്ല. ഇക്കാരണത്താൽ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ നഗരസഭക്കെതിരെ കേസ് ഫയൽ ചെയ്യുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. (W.P (C) 19631/2020(D). ഈ വിധിക്കെതിരെ നഗരസഭ റിവ്യൂ പെറ്റീഷൻ (നം. 950/2020) ഫയൽ ചെയ്തതായി കാണുന്നു. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് മുൻപ് നിയമോപദേശം തേടിയിരുന്നോ എന്ന വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
3. കരാർ തുക 5,31,000/- രൂപയാണ്. എന്നാൽ കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത് 6,05,340/- രൂപയുടെ Tax Invoice ആണ്. ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ 19/2019-20 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല.

## 1-28 ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി - ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

ഫയൽ നമ്പർ - E1-16136/19

24.10.2019 -ലെ സ്റ്റിയറിംഗ് കമ്മിറ്റി റെയിൽവേ സ്റ്റേഷൻ, പമ്പ് കവല, തോട്ടക്കാട്ടുകര, പ്രൈവറ്റ് ബസ് സ്റ്റാന്റ്, ബാങ്ക് കവല എന്നിവിടങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ നടത്തണമെന്ന് തീരുമാനം എടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വേലകൾ നിർവ്വഹിച്ചതായി കാണുന്നു.

| ക്രമ നം. | ഫയൽ നമ്പർ /പണി | തുക | കരാറുകാരൻ |
|---|---|---|---|
| 1 | E1-16136/19 റെയിൽവേ സ്റ്റേഷൻ ഹൈമാസ്റ്റ് ലൈറ്റ് | 44680.00 | ഇവന്റ്സ് , ആലുവ |
| 2 | E1-1007/19 തോട്ടക്കാട്ടുകര, ബൈപാസ് കവലകളിലെ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണി | 6550.00 | സി.എ.സുരേഷ് |

മേൽ കാണിച്ച രണ്ട് വേലകളുടേയും ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല.

റെയിൽവേ സ്റ്റേഷൻ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ എന്ന വേല കുറഞ്ഞ തുക 44680/- രൂപ നിരക്ക് കാണിച്ചിട്ടുള്ള ഇവന്റ്സ് ആലുവ എന്ന സ്ഥാപനത്തിനാണ് നൽകിയത്. 44680/- രൂപയുടെ ബില്ലാണ് കരാറുകാരൻ ഹാജരാക്കിയത് ഇതിൽ നിന്നും 12% ചരക്ക് സേവന നികുതി കുറവ് ചെയ്ത് 38872/- രൂപ ചെക്ക് 132450/30.01.2020 പ്രകാരം കരാറുകാരന് നൽകി. ആദായനികുതി ആക്ടിലെ 194 C വകുപ്പ് പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും 1% ആദായനികുതി ഈടാക്കി വേണം കരാറുകാരന് തുക കൈമാറേണ്ടിയിരുന്നത്. ഇപ്രകാരം 1% ആദായനികുതി കുറച്ചതായി ബില്ലിൽ കാണിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 9/2019-20 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി ഒടുക്കിയത് സംബന്ധിച്ച വ്യക്തത വരുത്തേണ്ടതാണ്.

## 1-29 KEIL വഴി മാലിന്യ സംസ്കരണം- അപാകതകൾ-26608/- രൂപ അധികച്ചെലവ്

ഫയൽ നമ്പർ എച്ച്.4-12429/18

2018 -ലെ പ്രളയത്തെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൊതുമേഖല സ്ഥാപനമായ KEIL (കേരള എൻവിറൊ ഇൻഫ്രാസ്ട്രക്ച്ചറൽ ലിമിറ്റഡ് ) -നെ സമീപിക്കാമെന്നും സംസ്ക്കരണ ചെലവ് ടണ്ണിന് 1796 രൂപ ആയി നിശ്ചയിച്ചിട്ടുള്ളതായും 4.09.2018 -ലെ 700/എസ്.ബി.എം./SLWM/2018 കത്ത് പ്രകാരം ജില്ലാ കളക്ടർ നഗരസഭയെ അറിയിച്ചിരുന്നു. 29.09.2018 -ലെ കൗൺസിൽ 2 -ാം തീരുമാനപ്രകാരം ഇത് അംഗീകരിച്ചു. നഗരസഭാ പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 2018-19 -ൽ KEIL താഴെ കാണിച്ച പ്രകാരം 17.84 ലക്ഷം രൂപയുടെ ഇൻവോയ്സുകൾ ഹാജരാക്കി.

| ക്രമ നം. | ഇൻവോയ്സ് നമ്പർ | മാലിന്യ അളവ് | തുക |
|---|---|---|---|
| 1 | KEIL /18-19/G0839/29.09.18 | 524.095 മെട്രിക് ടൺ | 941272.00 |
| 2 | KEIL /18-19/G1051/22.10.18 | 177.4 മെട്രിക് ടൺ | 318610.00 |
| 3 | KEIL /18-19/G0681/15.09.18 | 291.56മെട്രിക് ടൺ | 523640.00 |
| | | ആകെ | 1783522.00 |

ഇൻവോയസ് (1) പ്രകാരമുള്ള തുക പ്ലാൻ @ എർത്ത് വഴി നൽകിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി തുക നഗരസഭ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ധന വിഹിതം | ചെക്ക്/ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പദ്ധതി വിഹിതം | 145/ 02.02.2019 | 800000.00 | 2% ആദായനികുതി 35672രൂപ കിഴിച്ച 728656/- രൂപ KEIL -ന് നൽകി |
| 2 | തനത് ഫണ്ട് | 91970/ 17.05.2019 | 30611.00 | ബാക്കി തുക ലിമിറ്റ് ചെയ്ത് നൽകിയത്. |

2019-20 കാലഘട്ടത്തിലെ മാലിന്യ നീക്കത്തിനായി 27.05.2019,14.06.2019 തീയതികളിൽ ടെൻഡർ, റീ ടെൻഡർ നടത്തിയിട്ടും ടെൻഡർ ലഭിക്കാത്ത സാഹചര്യത്തിൽ KEIL -നെ തന്നെ പ്രസ്തുത പണി ഏൽപ്പിക്കാൻ 03.08.2019 -ലെ കൗൺസിൽ തീരുമാനമെടുത്തു. (തീരുമാനം-19). മെട്രിക് ടണ്ണിന് 2065 എന്ന നിരക്കിൽ പ്രവൃത്തി ചെയ്യാം എന്നാണ് KEIL അറിയിച്ചത്. ഈ പ്രവൃത്തി നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് താഴെപറയുന്ന

ഇൻവോയ്സുകളാണ് KEIL നഗരസഭയ്ക്ക് നൽകിയിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | നീക്കിയ മാലിന്യം മെടിക ടണ്ണിൽ | തുക |
|---|---|---|---|
| 1 | KEIL /19-20/G0448/30 6/19 | 2.995 | 6185.00 |
| 2 | KEIL /19-20/G0901/31 8/19 | 18.46 | 38443.00 |
| 3 | KEIL /19-20/G0932/9 6/19 | 17.91 | 37298.00 |
| 4 | KEIL /19-20/G1 021/30 9/19 | 3.03 | 6310.00 |
| 5 | KEIL /19-20/G1121/10 10/19 | 6.95 | 14473.00 |
| 6 | KEIL /19-20/G 1434/11 11/19 | 9.555 | 19731.00 |
| 7 | KEIL /19-20/G1 557/30 11/19 | 5.725 | 11822.00 |
| 8 | KEIL /19-20/G1 1694/15 12/19 | 5.885 | 12153.00 |
| 9 | KEIL /19-20/G1813/31 12/19 | 4.59 | 9478.00 |
| 10 | KEIL /19-20/G2076/25 1/20 | 2.415 | 4987.00 |
| 11 | KEIL /19-20/G2226/14 2/20 | 7.24 | 14951.00 |
| 12 | KEIL /19-20/G2317/24 2/20 | 1.190 | 2457.00 |
| 13 | KEIL /19-20/G2420/29 2/20 | 1.97 | 4068.00 |
| 14 | KEIL /19-20/G2457/31 3/20 | 12.4 | 25606.00 |
| 15 | KEIL /20-21/G0018 | 7.865 | 16807.00 |
|  | ആകെ | 108.18 | 224769.00 |

നഗരസഭ KEIL -ന് നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം /തീയതി | തുക |
|---|---|---|
| 1 | 919828/26.08.2019 | 50000.00 |
| 2 | 919892/27.09.2019 | 50000.00 |
| 3 | 11101/5.11.2019 | 50000.00 |
| 4 | 13233/20.01.2020 | 50000.00 |
| 5 | 101620/4.03.2020 | 50000.00 |
|  | ആകെ | 250000.00 |

ഈ പ്രവൃത്തി സംബന്ധിച്ച അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കേരള പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം കരാർ പ്രകാരമേ പ്രവൃത്തി ചെയ്യിക്കാൻ പാടുള്ളൂ. ഈ പ്രവൃത്തിയിൽ KEIL മായി നഗരസഭ കരാർ ഉണ്ടാക്കിയിട്ടില്ല.
2. കാരാറുകാരിൽ നിന്നും 2019-20 ൽ ആദായനികുതി 2% വും ജി.എസ്.ടി 2% വും ഈടാക്കിയിട്ട് വേണം തുക കൈമാറേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. 2018-19 -ൽ 2% ആദായനികുതി ബില്ലിൽ പിടിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി പിടിച്ചിട്ടില്ല.
3. ഇൻവോയ്സ് പ്രകാരം ആകെ നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് 108.18 മെട്രിക് ടൺ ആണ്. മെട്രിക് ടണ്ണിന് KEIL അംഗീകരിച്ചിട്ടുള്ള നിരക്ക് 2065/- രൂപയാണ്. ഇതുപ്രകാരം 108.18 @ 2065 = 223392/- രൂപയാണ് നഗരസഭ നൽകേണ്ടത്. എന്നാൽ ഇൻവോയ്സ് പ്രകാരം നൽകേണ്ട തുക 224769/- രൂപയാണ്. 1377/- രൂപ അധികം കാണിച്ചിരിക്കുന്നു.
4. KEIL -ന് നഗരസഭ 2.5 ലക്ഷം രൂപയാണ് നൽകിയിട്ടുള്ളത്. അംഗീകൃത നിരക്ക് പ്രകാരം നൽകേണ്ട തുക 223392/- രൂപയാണ്. 26608 ( 2,50,000-223392) അധികമായി നൽകിയിട്ടുണ്ട്.

മുകളിൽ കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 26/2019-20) നൽകിയെങ്കിലും അപാകതകൾ പരിഹരിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

അധികം നൽകിയ 26608/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-30 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമല്ല – നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നു

ആലുവ നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമല്ല. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2488691.00 | 86720.00 | 2575411.00 | 160724.00 | 2102027.00 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | | | 312660.00 | |

മേല്പറഞ്ഞ കണക്കുകളിൽ നിന്നും മുൻ സാമ്പത്തിക വർഷം 3,12,660.00 രൂപയുടെ വേലകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. നഗരകാര്യ ഡയറക്ടറുടെ 24.07.2019 ലെ ഡി.സി.3 – 12310/2019 നമ്പർ പരിപത്രത്തിലൂടെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ ഭരണ നിർവ്വഹണ ചെലവ് വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ 6 ശതമാനത്തിൽ അധികരിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതികൾക്കായി ചെലവ് ചെയ്ത 3,12,660 രൂപയുടെ 6 ശതമാനമായ 18,760 രൂപയായിരുന്നു ഭരണ നിർവ്വഹണത്തിന് ചെലവഴിക്കാവുന്നത്. എന്നാൽ 1,60,724 രൂപയാണ് ഭരണ നിർവ്വഹണത്തിനായി ചെലവഴിച്ചത്. അധികം ചെലവഴിച്ച (1,60,724 – 18,760) 1,41,964.00 രൂപ 15.11.2019 ലെ ഡി.സി.3 – 12310/19 നിർദ്ദേശത്തെ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടി വന്നു.

2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിശോധിക്കുമ്പോഴും മേല്പറഞ്ഞ പ്രകാരം പദ്ധതി ചെലവിന്റെ 6 ശതമാനം നിർവ്വഹണ ചെലവുകൾക്ക് വിനിയോഗിക്കണമെന്ന നിബന്ധന പാലിക്കാൻ സാധിച്ചിട്ടില്ലന്ന് മനസ്സിലാക്കാം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2102027.00 | 218278.00 | 2320805.00 | 184404.00 | 1197009.00 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | | | 939392.00 | |

2018-19 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് 21,02,027.00 രൂപയാണെന്നിരിക്കെ AUEGS ക്യാഷ് ബുക്ക് പ്രകാരം 2019-20 ൽ 21,02,527.00 രൂപയാണ് മുന്നിരിപ്പ് കാണിച്ചിരിക്കുന്നത്. ഈ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് ക്രമീകരിക്കേണ്ടതാണ്. മേല്പറഞ്ഞ കണക്കുകൾ പ്രകാരം വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിരിക്കുന്നത് 939392.00 രൂപയാണ്. ഇതിന്റെ 6 ശതമാനമായ 56,364.00 രൂപയാണ് ഭരണ നിർവ്വഹണച്ചെലവുകൾക്ക് വിനിയോഗിക്കാവുന്നത്. 1,84,404 രൂപ ചെലവഴിച്ചിരിക്കുന്ന സാഹചര്യത്തിൽ അധികം ചെലവഴിച്ച (1,84,404 – 56364) 1,28,040.00രൂപ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടിവരുന്നത് സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കാത്തതാണ് മേല്പറഞ്ഞ രീതിയിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവാകുന്നതിന് കാരണമാകുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നഗരസഭക്ക് ഇത്തരത്തിൽ അധിക ചെലവുണ്ടാകുന്നത് അംഗീകരിക്കാവുന്നതല്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പദ്ധതിച്ചലവ് വർദ്ധിപ്പിച്ചോ ഭരണ നിർവ്വഹണ ചെലവ് നിയന്ത്രിച്ചോ തനത് ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-31 ശിവരാത്രി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു

കേരളത്തിലെ പേരുകേട്ട പ്രധാന ഉത്സവമാണ് മഹാശിവരാത്രി. ഇതിന്റെ ഭാഗമായി ആലുവയിൽ നടക്കുന്ന ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന വ്യാപാരോത്സവത്തിന്റെ നടത്തിപ്പ് ചുമതല ആലുവ നഗരസഭയ്ക്കാണ്. നല്ല തോതിൽ വരവും ചെലവുമുള്ളതിനാൽ ശിവരാത്രിക്കായി ഒരു പ്രത്യേക അക്കൗണ്ട് നഗരസഭ സൂക്ഷിച്ചുപോരുന്നുണ്ട്. മഹാശിവരാത്രിയുടെ പ്രാധാന്യം പരിഗണിച്ച് ഈ അക്കൗണ്ട് ശിവരാത്രി ഡെപ്പോസിറ്റ് അക്കൗണ്ടായി കണക്കാക്കാം. ചരിത്രപ്രാധാന്യമുള്ള ശിവരാത്രിയുടെ സുഗമമായ നടത്തിപ്പിന് മതിയായ തുക എപ്പോഴും ലഭ്യമാക്കണം എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

മഹാശിവരാത്രിയോടനുബന്ധിച്ചുള്ള സ്റ്റാളുകളുടെ വാടക, അമ്യൂസ്മെന്റ് പാർക്ക്, വിവിധ ലേലങ്ങൾ, തറവാടക തുടങ്ങിയ വരവുകളും താൽക്കാലിക സ്റ്റാളുകളുടെ നിർമ്മാണം,. വൈദ്യുതാലങ്കാരം തുടങ്ങിയ ചെലവുകളും ഈ പ്രത്യേക അക്കൗണ്ട് വഴിയാണ് നിർവ്വഹിച്ചുവരുന്നത്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 2018-19 -ൽ അക്കൗണ്ടിൽ 52.30 ലക്ഷം രൂപയും 2019-20 ൽ 28.89 ലക്ഷം രൂപയുമാണ് നിക്കിയിരിപ്പുണ്ടായിരുന്നത്. എന്നാൽ നിലവിൽ ഈ അക്കൗണ്ടിൽ 65,113.00 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. ശിവരാത്രി അക്കൗണ്ട് നഗരസഭയുടെ തനത് ഫണ്ടിന്റെ ഭാഗമാണ്. ശിവരാത്രിയാഘോഷത്തിന്റെ നടത്തിപ്പിന് നഗരസഭയാണ് നേതൃത്വം നൽകുന്നത് എന്നതിനാലും ആഘോഷത്തിന്റെ സുഗമമായ നടത്തിപ്പിനായി മുന്നൊരുക്കങ്ങൾ വേണ്ടതിനാലും ഈ അക്കൗണ്ടിൽ നല്ലൊരു തുക ഡെപ്പോസിറ്റിനായി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ നഗരസഭയുടെ നിത്യനിദാന ചെലവുകൾക്കായി മഹാശിവരാത്രി ഫണ്ടിൽ നിന്നും തുക വകമാറ്റിയതിനാൽ ഈ അക്കൗണ്ടിൽ തുച്ഛമായ തുകയാണ് അവശേഷിച്ചിട്ടുള്ളത്. തൻവർഷം ഇപ്രകാരം നഗരസഭയുടെ മറ്റ് ആവശ്യങ്ങൾക്കായി ശിവരാത്രി ഫണ്ടിൽ നിന്നും 28.27 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വൗച്ചർ /നമ്പർ | തുക | ഉദ്ദേശ്യം |
|---|---|---|
| 10- 6/19 | 4,81,192 | 05/2019 -ലെ വേതന വിതരണം |
| 12-6/19 മുതൽ 19-6/19 വരെ | 3,22,215 | |
| 53-7/19 | 2,95,564 | 06/2019 -ലെ ജി,എസ്.ടി |
| 54-7/19 | 37,282 | |
| 67-7/19 | 1,57,666 | 06/2019 -ലെ പങ്കാളിത്ത പെൻഷൻ വിഹിതം |
| 62-7/19 മുതൽ 65-7/19 വരെ | 3,33,567 | 06/2019 -ലെ പങ്കാളിത്ത പെൻഷൻ വിഹിതം |
| 28-2/20 | 12,00,000.00 | ശമ്പള വിതരണം |
| ആകെ | 28,27,486.00 | |

മുകളിൽ കാണിച്ച പ്രകാരം തനത് ചെലവുകൾക്കുള്ള തുക കൂടി ശിവരാത്രി ഫണ്ടിൽ നിന്നും വകമാറ്റിയതിനാൽ നിലവിൽ ഫണ്ട് നീക്കിയിരിപ്പ് 65113/- രൂപ മാത്രമാണ്. ഇത് സംബന്ധിച്ച് നൽകിയ 06.11.2020 തീയതിയിലെ ഓഡിറ്റ് എൻക്വയറി നമ്പർ 05/2019-20 നുള്ള മറുപടിയിൽ ശിവരാത്രിയുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ടെന്നാണ് വിശദീകരിക്കുന്നത്. എന്നാൽ നിലവിൽ നഗരസഭയുടെ തനത് ഫണ്ട് നഗരസഭയുടെ ദൈനംദിന ചെലവുകൾക്ക് മതിയാകാതെ വരുന്നതിനാലും ശിവരാത്രി അക്കൗണ്ടിലെ നീക്കിയിരിപ്പ് വളരെ തുച്ഛമായതിനാലും വരും വർഷങ്ങളിൽ ശിവരാത്രി ആഘോഷത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നഗരസഭക്ക് സാധിക്കാതെ വന്നേക്കാം. വർഷങ്ങളായി നടക്കുന്നതും മതപരവും സാംസ്കാരികവുമായി ഏറെ പ്രാധാന്യമുള്ളതുമായ ഈ ആഘോഷത്തിന് സാമ്പത്തിക ബുദ്ധിമുട്ട് മൂലം തടസ്സം നേരിടുന്നതിനുള്ള സാദ്ധ്യത ഇന്നത്തെ സാഹചര്യത്തിൽ തള്ളിക്കളയാനാവില്ല. മഹാശിവരാത്രിയുടെ പ്രാധാന്യം പരിഗണിച്ച് ശിവരാത്രി ആഘോഷങ്ങളുടെ മുന്നൊരുക്കങ്ങൾക്ക് ആവശ്യമായ തുകയെങ്കിലും ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ടാകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-32 <u>പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നില്ല</u>

കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് ആലുവ നഗരസഭയിൽ സാധിക്കുന്നില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും (DCRG, Commutation), Pay Revision Arrear ഉൾപ്പെടെ 1.50 കോടിയോളം രൂപ നിലവിൽ കൊടുത്തു തീർക്കാനുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെത്തുടർന്ന് വിരമിക്കുന്ന കണ്ടിജെന്റ് ജീവനക്കാർ കോടതിയെ സമീപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കുന്ന ജീവനക്കാർ സ്വന്തം നിലക്ക് കോടതിയെ സമീപിച്ച് അനുകൂല ഉത്തരവുകൾ നേടുന്നതുമൂലം നഗരസഭയ്ക്ക് മുൻഗണനാക്രമം പാലിക്കാതെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടിവരുന്നു എന്നതാണ് നിലവിലെ അവസ്ഥ. 2014 ജൂലൈ മുതൽ 2.55 കോടി രൂപയാണ് വിരമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് DCRG, Commutation, Pension Revision Arrear എന്നീ ഇനത്തിൽ അർഹതപ്പെട്ടിരുന്നത്. ഇതിൽ 1.50 കോടി രൂപയോളമാണ് നിലവിൽ കുടിശ്ശികയുള്ളത്. കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് നേടിയ പത്ത് ജീവനക്കാർ തങ്ങൾക്ക് അർഹതപ്പെട്ട 1.05 കോടി രൂപയുടെ പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. ഇത്തരത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ മുൻഗണനാക്രമം പാലിക്കാൻ സാധിക്കാതെ വരുന്നു. ഉദാഹരണത്തിന് 2018 ൽ വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കോടതി ഉത്തരവിലൂടെ ലഭിച്ചപ്പോൾ അതിനും മുമ്പ് വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. 2018 ൽ വിരമിച്ച 4 ജീവനക്കാർ കോടതി ഉത്തരവിലൂടെ പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങിയെടുത്തപ്പോൾ 2015, 2016, 2017 വർഷങ്ങളിൽ വിരമിച്ച 6 ജീവനക്കാർക്ക് ഇപ്പോഴും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. 2014 മുതൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചവരുടേയും ലഭിക്കാത്തവരുടേയും വിവരം താഴെ ചേർക്കുന്നു.

കോടതി ഉത്തരവിലൂടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചവർ

| ക്രമ നം. | പേര് | വിരമിച്ച തീയതി | DCRG | Commutation | Pension Arrear | Total |
|---|---|---|---|---|---|---|
| 1 | P.Y.ശോശ | 30.10.2018 | 652516.00 | 929988.00 | 115065.00 | 1697569.00 |
| 2 | മോഹനൻ.A | 30.09.2018 | 683911.00 | 937287.00 | 44210.00 | 1665408.00 |
| 3 | വിശാലമ്മ.K.S | 31.07.2018 | 362250.00 | 102712.00 | -- | 464962.00 |
| 4 | മണി.T.R | 28.02.2018 | 495900.00 | 679009.00 | -- | 1110634.00 |
| 5 | കുഞ്ഞപ്പൻ.K.P | 30.11.2017 | 314982.00 | 429090.00 | 53450.00 | 797522.00 |
| 6 | പരമേശ്വരൻ.K.M | 30.04.2017 | 259920.00 | 357869.00 | 26892.00 | 644681.00 |
| 7 | മേരി.M.R | 31.10.2015 | 536625.00 | 457574.00 | 89359.00 | 1083558.00 |
| 8 | K.സുന്ദരൻ | 31.08.2014 | 652516.00 | 929988.00 | -- | 1515869.00 |

നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തവർ

| ക്രമ നം. | പേര് | വിരമിച്ച തീയതി | DCRG | Commutation | Total |
|---|---|---|---|---|---|
| 1 | വേലുസ്വാമി.K | 30.06.2015 | -- | 889519.00 | 889519.00 |
| 2 | വേണുഗോപാലൻ.K.P | 31.05.2016 | 406461.00 | 547163.00 | 953624.00 |
| 3 | ഗോപാലകൃഷ്ണൻ.S | 30.04.2017 | 402477.00 | 554109.00 | 956586.00 |
| 4 | രാജൻ.M.S(Expired) | 26.07.2017 | 362520.00 | -- | 362520.00 |
| 5 | മാരിയപ്പൻ.A (Expired) | 23.12.2017 | 218561.00 | -- | 218561.00 |
| 6 | ഗീത.A.C | 31.01.2019 | 780572.00 | 930459.00 | 1711031.00 |
| 7 | ശോഭ.K.K | 31.05.2019 | 768793.00 | 974722.00 | 1743515.00 |
| 8 | ഉണ്ണി.B | 31.05.2019 | 541500.00 | 984140.00 | 1825640.00 |
| 9 | ശോഭന.K | 31.03.2020 | 607500.00 | 792727.00 | 1400227.00 |

മേല്പറഞ്ഞിരിക്കുന്ന പട്ടിക പരിശോധിക്കുമ്പോൾ സേവനത്തിൽ നിന്നും വിരമിച്ച് 5 വർഷത്തിനു ശേഷവും പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളവരുണ്ട് എന്ന് കാണാവുന്നതാണ്. അതേസമയം ഇതേ കാലഘട്ടത്തിൽ വിരമിച്ചവരിൽ ചിലർ കോടതി ഉത്തരവിലൂടെ ആനുകൂല്യങ്ങൾ കൈപ്പറ്റിയതിന്റെ ഉദാഹരണങ്ങളുമുണ്ട്. ഒന്നാമത്തെ പട്ടികയിൽനിന്നും ഇത് വ്യക്തമാണ്. നഗരസഭയിലെ സാമ്പത്തിക ബുദ്ധിമുട്ടാണ് പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നതിന് കാരണമാകുന്നത് എന്നത് അംഗീകരിക്കുമ്പോൾ തന്നെ സാമ്പത്തിക ബുദ്ധിമുട്ട് മൂലമോ അറിവില്ലായ്മ മൂലമോ കോടതിയെ സമീപിക്കാൻ സാധിക്കാത്ത കണ്ടിജന്റ് ജീവനക്കാർക്ക് 5 വർഷത്തോളമായി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലയെന്നത് സാമാന്യ നീതിയുടെ ലംഘനമാണെന്ന് കണക്കാക്കണം. വർഷങ്ങളോളം നഗരസഭയിൽ സേവനം ചെയ്ത് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വൻ തോതിൽ കുടിശ്ശികയായ വിഷയത്തിൽ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/2019-20 നുള്ള മറുപടിയിൽ നഗരസഭയുടെ ദീർഘനാളായുള്ള സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ടായതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. നഗരസഭയുടെ മറുപടി അംഗീകരിക്കുമ്പോൾ തന്നെ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ഭാഗികമായെങ്കിലും വിതരണം ചെയ്യുന്നതിന് നടപടിയുണ്ടാകേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കോടതിയെ ധരിപ്പിക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ മുൻഗണനാക്രമം പാലിച്ച് വിതരണം ചെയ്യേണ്ടതിന്റെ അനിവാര്യത കോടതിയെ ബോധ്യപ്പെടുത്താനും നഗരസഭയുടെ സാമ്പത്തിക

പ്രതിസന്ധിയുടെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നടപടിയുണ്ടാകേണ്ടതാണ്.

## 1-33 ശമ്പളറിക്കവറികൾ യഥാസമയം ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ ഒടുക്കുന്നില്ല

നഗരസഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ യഥാ സമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. ജീവനക്കാർക്ക് ശമ്പളം നൽകുന്നതോടൊപ്പം റിക്കവറികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കണമെന്ന നിബന്ധന പലപ്പോഴും പാലിക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. ശമ്പളം മാസത്തിന്റെ ആദ്യ ദിവസങ്ങളിൽ നൽകുമ്പോൾ റിക്കവറികൾ മാസാവസാനമോ തുടർന്നുള്ള മാസങ്ങളിലോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുന്നതായാണ് കാണുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് ശമ്പളം നൽകിയതിന്റേയും റിക്കവറികൾ ഒടുക്കിയതിന്റേയും വിവരം താഴെ ചേർക്കുന്നു.

| ശമ്പളം നൽകിയ തീയതി | റിക്കറികൾ ഒടുക്കിയ തീയതി | | | | | | |
|---|---|---|---|---|---|---|---|
| | PF | SLI | GIS | LIC | KSFE | EDCB Loan | Contrib Utory Pension |
| 2019 മാർച്ച് 01.04.2019 | 10.04.19 | 10.04.19 | 10.04.19 | 09.04.19 | 09.04.19 | 09.04.19 | 04.04.19 |
| 2019 ഏപ്രിൽ 04.05.2019 | 23.05.19 | 23.05.19 | 23.05.19 | 23.05.19 | 23.05.19 | 23.05.19 | 28.05.19 |
| 2019 മെയ് 04.06.2019 | 02.07.19 | 02.07.19 | 02.07.19 | 04.07.19 | 04.07.19 | 04.07.19 | 24.06.19 |
| 2019 ജൂൺ 08.07.2019 | 03.08.19 | 03.08.19 | 03.08.19 | 03.08.19 | 03.08.19 | 03.08.19 | 26.07.19 |
| 2019 ജൂലൈ 03.08.2019 | 30.08.19 | 30.08.19 | 30.08.19 | 30.08.19 | 30.08.19 | 30.08.19 | 22.08.19 |
| 2019 ഓഗസ്റ്റ് 02.09.2019 | 23.09.19 | 23.09.19 | 23.09.19 | 23.09.19 | 23.09.19 | 23.09.19 | 07.09.19 |
| 2019 സെപ്റ്റംബർ 03.10.219 | 22.10.19 | 22.10.19 | 22.10.19 | 15.10.19 | 22.10.19 | 22.10.19 | 15.10.19 |
| 2019 ഒക്ടോബർ 01.11.2019 | 18.11.19 | 18.11.19 | 18.11.19 | 18.11.19 | 18.11.19 | 18.11.19 | 12.11.19 |
| 2019 നവംബർ 03.12.2019 | 14.01.20 | 14.01.20 | 14.01.20 | 09.01.20 | 09.01.20 | 09.01.20 | 03.01.20 |
| 2019 ഡിസംബർ | 10.02.20 | 10.02.20 | 10.02.20 | 28.01.20 | 28.01.20 | 29.01.20 | 10.02.20 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10.01.2020 | | | | | | | |
| 2020 ജനുവരി 11.02.2020 | 25.02.20 | 25.02.20 | 25.02.20 | 20.02.20 | 20.02.20 | 20.02.20 | 25.02.20 |
| 2010 ഫെബ്രുവരി 03.03.2020 | 12.03.20 | 12.03.20 | 12.03.20 | 12.03.20 | 12.03.20 | 12.03.20 | 09.03.20 |

2019-20 സാമ്പത്തിക വർഷത്തിൽ 2019 ഏപ്രിൽ മാസത്തിൽ മാത്രമാണ് റിക്കവറി തുക 10 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കാൻ സാധിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിലെല്ലാം ശമ്പളം നൽകിയതിന് ശേഷം 15 മുതൽ 30 ദിവസം വരെ കഴിഞ്ഞാണ് റിക്കവറി തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കിയിരിക്കുന്നത്. 2019 ജൂൺ മാസത്തെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ഓഗസ്റ്റിലും 2019 നവമ്പറിലെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ 2020 ജനുവരിയിലും 2019 ഡിസമ്പറിലെ റിക്കവറികളിൽ ഏതാനും ചിലത് 2020 ഫെബ്രുവരിയിലുമാണ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കിയിരിക്കുന്നത്. ഒരു മാസത്തിന് മുകളിൽ കാലതാമസമാണ് മേല്പറഞ്ഞ മാസങ്ങളിൽ സംഭവിച്ചിരിക്കുന്നത്. റിക്കവറികൾ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കാതിരിക്കുന്നത് ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമായേക്കാം. KSFE, EDCB, PF എന്നിവടങ്ങളിൽ നിന്നുള്ള ലോൺ സമയബന്ധിതമായി തിരിച്ചടക്കാത്തപക്ഷം പലിശയിനത്തിൽ അധികം തുക ജീവനക്കാരൻ ഒടുക്കേണ്ടിവരും. LIC പ്രീമിയം കുടിശ്ശിക വരുത്തുന്നത് ജീവനക്കാർക്ക് ലഭിക്കേണ്ട പോളിസി ആനുകൂല്യങ്ങൾ നഷ്ടമാക്കുന്നതിന് കാരണമായേക്കാം. റിക്കവറികൾ യഥാസമയം ഒടുക്കാത്തതുമൂലം നഗരസഭയിലെ ജീവനക്കാർക്ക് മേല്പറഞ്ഞ പ്രകാരം സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും റിക്കവറികൾ ഒടുക്കാൻ വൈകിയതിന് വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് റിക്കവറികൾ ഒടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിമൂലം റിക്കവറികൾ ഒടുക്കാൻ കാലതാമസമുണ്ടാകുന്നുവെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. റിക്കവറി തുകകൾ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 1-34 സ്റ്റേറ്റ് ലൈഫ് ഇൻഷ്വുറൻസ് പോളിസി, ജി.ഐ.എസ്. പോളിസി ഈടാക്കിയത് കുറവ് - സംബന്ധിച്ച്.

താഴെ പറയുന്ന ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ്, ഗ്രൂപ്പ് ഇൻഷൂറൻസ് പോളിസിയിൽ കുറഞ്ഞ പ്രീമിയം ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | പേര് | അടിസ്ഥാന ശമ്പളം | |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അനിൽ ജോസഫ്, സീനിയർ ക്ലർക്ക് | 33900.00 | SLI പ്രീമിയം 300 രൂപ ഈടാക്കുന്നതിന് പകരം 150 രൂപയാണ് ഈടാക്കുന്നത്. |
| 2 | ഷാജു പി.വി., ക്ലർക്ക് | 24600.00 | GISപ്രീമിയം 400 രൂപ ഈടാക്കുന്നതിന് പകരം 150 രൂപയാണ് ഈടാക്കുന്നത്. |

അടിസ്ഥാനശമ്പളത്തിന് ആനുപാതികമായി ജീവനക്കാരിൽ നിന്നും SLI, GIS, PF ഈടാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-35 പങ്കാളിത്ത പെൻഷൻ പദ്ധതി -തുക ഒടുക്കുന്നതിലെ കാലതാമസവും,മറ്റ് അപാകതകളും

ജി.ഒ(പി)20/2013/ഫിൻ തീ. 17.01.2013 സർക്കാർ ഉത്തരവിലൂടെ 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ സർക്കാർ ജീവനക്കാർക്കും ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി (എൻ.പി.എസ്.) ബാധകമാക്കിയിട്ടുള്ളതാണ്. ജി.ഒ(പി)488/2014/ഫിൻ തീ.11.11.2014 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഇതേ മാതൃകയിൽത്തന്നെ PRAN രജിസ്ട്രേഷൻ നടത്തേണ്ടതും എല്ലാ DDO മാരും ജീവനക്കാർക്ക്, അവർ സർവ്വീസിൽ കയറി 30 ദിവസത്തിനകം, പ്രാൺ കിറ്റ് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സേവനത്തിൽ പ്രവേശിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ ലഭ്യമാകുന്ന ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളം, ഡിഎ എന്നിവയുടെ 10 % വരുന്ന തുക ജീവനക്കാരിൽ നിന്നും ഈടാക്കി, തത്തുല്യമായ തുക നഗരസഭാ വിഹിതവും കൂടി ചേർത്ത് നഗരകാര്യ ഡയറക്ടറുടെ ഇതിനായി ആരംഭിച്ചിരിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് അതാത് സമയം അടവാക്കേണ്ടതാണ്. എന്നാൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്നില്ല.

1) പ്രാൺ നമ്പർ ലഭിക്കാൻ കാലതാമസം

ആലുവ നഗരസഭയിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ നമ്പർ കിട്ടാൻ വൈകുന്നതായി കാണുന്നു. പ്രാൺ നമ്പർ കിട്ടാൻ വൈകിയവരുടേയും, പ്രാൺ നമ്പർ നാളിതുവരെ കിട്ടാത്തവരുടേയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര്/ഉദ്യോഗപ്പേര് | നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച തീയതി | പ്രാൺ നമ്പർ കിട്ടിയ തീയതി |
|---|---|---|---|
| 1 | അഖില എസ്., (ഒ.എ.) | 22.03.2019 | 17.06.2019 |
| 2 | രാജേഷ് പി.ആർ., | 09.10.2017 | നാളിതുവരെ ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | (ബിൽ കളക്ടർ) | | |
| 3 | ഹെമിൽ ജോർജ്ജ് പിറ്റി. (ഒ.എ) | 21.03.2019 | 17.06.2019 |
| 4 | വിഷ്ണു നാരായണൻ സി.ഡി. (ഒ.എ.) | 24.08.2019 | 13.11.2019 |
| 5 | ബിനീഷ് പി.ബി. (ഡ്രൈവർ) | 19.02.2020 | നാളിതുവരെ ലഭിച്ചിട്ടില്ല |
| 6 | പ്രമോദ് ഇ.കെ. (ഡ്രൈവർ) | 13.02.2020 | നാളിതുവരെ ലഭിച്ചിട്ടില്ല |

2) പെൻഷൻ വിഹിതം അടവാക്കുന്നതിൽ കാലതാമസം .

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക യഥാസമയം നഗരകാര്യ വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് കാലതാമസം വരുന്നു. ശമ്പള ബിൽ പാസാക്കുന്ന മുറയ്ക്ക് നഗരസഭാ വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ടി തുക ക്രെഡിറ്റ് ചെയ്യുന്നതിന് പകരം പിന്നീട് മാസാവസാനം ആണ് തുക ക്രെഡിറ്റ് ചെയ്യുന്നത്. ഇത് ക്രമ പ്രകാരമല്ല. ശമ്പള ബിൽ പാസാകുന്ന മുറയ്ക്ക് പെൻഷൻ വിഹിതം ക്രെഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | (പെൻഷൻ വിഹിതം) വൗച്ചർ നമ്പർ | (ശമ്പള ബില്ല്) മാസം | ശമ്പളം മാറിയ തീയതി | നഗരകാര്യ വകുപ്പിലേക്ക് അടവ് വന്ന തീയതി (രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 45 5/19 | ഏപ്രിൽ 2019 | 04.05.2019 | 28.05.2019 |
| 2 | 64 6/19 | മെയ് 2019 | 04.06.2019 | 26.06.2019 |
| 3 | 67 7/19 | ജൂൺ 2019 | 08.07.2019 | 26.07.2019 |
| 4 | 59 08/19 | ജൂലൈ 2019 | 03.08.2019 | 22.08.2019 |
| 5 | 51 9/19 | ആഗസ്റ്റ് 2019 | 02.09.2019 | 24.09.2019 |
| 6 | 56 10/19 | സെപ്റ്റംബർ 2019 | 03.10.2019 | 15.10.2019 |
| 7 | 41 11/19 | ഒക്ടോബർ 2019 | 05.11.2019 | 12.11.2019 |
| 8 | 13 1/20 | നവംബർ 2019 | 03.12.2019 | 20.01.2020 |
| 9 | 06 2/20 | ഡിസംബർ 2019 | 09.01.2020 | 10.02.2020 |

| | | | | |
|---|---|---|---|---|
| 10 | 77 2/20 | ജനുവരി 2020 | 11.02.2020 | 26.02.2020 |
| 11 | 47 3/20 | ഫെബ്രുവരി 2020 | 03.03.2020 | 11.03.2020 |

നവംബർ 2019 -ലെ ശമ്പളം മാറിയത് 03.12.2019 -നാണ്. എങ്കിലും പെൻഷൻ വിഹിതം ഡി.എ.യു -ലേക്ക് ഒടുക്കിയത് 20.01.2020 -ൽ മാത്രമാണ്. ഡിസംബർ 2019 മാസത്തെ ശമ്പളം മാറിയത് 09.01.2020 -നാണ് എങ്കിലും ഡി.എ.യു -ലേക്ക് ഒടുക്കിയത് 10.02.2020 -നാണ്. ഇപ്രകാരം പെൻഷൻ തുക ഡയറക്ടർ ഓഫ് അർബൻ അഫേയ്ഴ്സ് അക്കൗണ്ടിലേക്ക് ഒടുക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ട്. മാത്രമല്ല പെൻഷൻ വിഹിതം തനത് ഫണ്ടിൽ നിന്ന് ചെക്ക് പ്രകാരം (എറണാകുളം ജില്ലാ സഹകരണ ബാങ്ക്) പഞ്ചാബ് നാഷണൽ ബാങ്കിലേക്കാണ് ആദ്യം തുക മാറ്റിയിടുന്നത്. ഈ തുക പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ യഥാസമയം ക്രെഡിറ്റ് ആകുന്നുണ്ടെങ്കിലും അവിടെ നിന്ന് അർബൻ അഫയേഴ്സിലേക്ക് തുക മാറ്റിയിടുന്നതിന് താമസം വരുന്നതായി കാണുന്നു.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/2019-20 നുള്ള മറുപടിയിൽ എൻക്വയറിയിൽ പറയുന്ന രാജേഷ്.പി.ആർ ഒഴികെയുള്ള ജീവനക്കാർക്ക് പ്രാൺ കിട്ടിയിട്ടുണ്ടെന്നും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിയും പഞ്ചാബ് നാഷണൽ ബാങ്കിൽ മെർജിങ് നടക്കുന്നതും ഇലക്ഷൻ ജോലികളുടെ തിരക്കുമൂലം ഐ.കെ.എം ടെക്നിക്കൽ ഓഫീസറുടെ സേവനം ലഭ്യമാകാത്തതും പെൻഷൻ വിഹിതം ഒടുക്കുന്നതിലെ കാലതാമസത്തിന് കാരണമായി വിശദീകരിക്കുന്നു. കാരണം എന്ത് തന്നെയായാലും ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-36 ഹരിത കേരളം പദ്ധതി നടത്തിപ്പിലെ പുരോഗതി - സംബന്ധിച്ച്

ആലുവ അഡീഷണൽ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായ ഹരിത കേരളം മിഷൻ ആലുവ മുനിസിപ്പാലിറ്റി ഹരിത കേരളം മാസ്റ്റർപ്ലാൻ തയ്യാറാക്കി 12.11.2018 ലെ HK/2018 കത്ത് പ്രകാരം നഗരസഭയ്ക്ക് സമർപ്പിച്ചു. (ഫയൽ നം.–H417398/17) 29.11.2018 -ലെ 10 -ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ ഈ മാസ്റ്റർപ്ലാൻ അംഗീകരിച്ചു. മാസ്റ്റർപ്ലാനിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. നഗരമദ്ധ്യത്തിലൂടെ ഒഴുകുന്ന പെരിക്കത്തോടിന്റെ ശുദ്ധീകരണം.
2. ആലുവ പുഴയിലേക്ക് തുറന്നുവെച്ചിരിക്കുന്ന 3 പ്രധാന കാനകളിൽ ശുചീകരണ സംവിധാനം നടപ്പിലാക്കണം.
3. തരിശ് നിലം കൃഷി ചെയ്യുന്നതിനായി തൊഴിൽ സേന രൂപീകരിച്ച് കൃഷി ചെയ്യണം. നഗരസഭയിൽ മാസ്റ്റർപ്ലാൻ നടപ്പാക്കിയോ എന്നും ഇതുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ എന്തൊക്കെയാണ് എന്നും വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 2/2019-20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് പച്ചത്തുരുത്ത്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടീൽ, സംരക്ഷണചുമതല മുതലായവ ചുമതലകൾ നിർവ്വഹിക്കാനാകും. സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും ഒരു വർഷം പ്രായമായ തൈകളും ലഭ്യമാക്കും.

ആലുവയിൽ പച്ചത്തുരുത്ത് സ്ഥാപിക്കാനുള്ള നിർദ്ദേശം ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. (അംഗീകാരം നമ്പർ 7 തീയതി 30.07.2019) കൗൺസിലേക്ക് സമർപ്പിച്ചു. എന്നാൽ ഈ തീരുമാനം കൗൺസിലിന്റെ പരിഗണനക്ക് വന്നതായി കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് മറുപടി നൽകാൻ

താല്പര്യപ്പെടുന്നു.

മുകളിൽ (1) ആയി പരാമർശിച്ചിട്ടുള്ള ഹരിതകേരളം മാസ്റ്റർപ്ലാനിലും തരിശ് നിലം കൃഷി ചെയ്യണം എന്ന നിർദ്ദേശം നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നഗരസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭയിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് നടപടികളെടുക്കാത്തതിന് കാരണമെന്തെന്ന് വിശദീകരിക്കേണ്ടതാണ്.

1-37 നഗരസഭ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ (സി.എഫ്) ടെസ്റ്റ് നടത്തിയില്ല

2000 -ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം 8 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമത ടെസ്റ്റ് 6 മാസത്തിലൊരിക്കൽ മോട്ടോർ വാഹനവകുപ്പ് മുഖേന നടത്തേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ഫയൽ നമ്പർ E4-3863/17 Vol III പ്രകാരം നഗരസഭാ ഉടമസ്ഥതയിലുള്ള മൂന്ന് വാഹനങ്ങൾക്ക് മാത്രമാണ് (പിക്ക് അപ് വാൻ KL-07-AD 6174, നിസ്സൻ ടിപ്പർ KL-41-N-574, Eicher ടിപ്പർ KL-41-J- 7213) 2019-20 -ൽ യഥാവിധി ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയിട്ടുള്ളത്. മറ്റ് വാഹനങ്ങളായ ബൊലെറോ (നം. KL-41 J- 7731 ) ജീപ്പ് (KL-07-M-6732), ഇന്നോവ (KL-41-F-9999) എന്നിവയ്ക്ക് ടി വർഷം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. ഇന്ധനക്ഷമത ടെസ്റ്റ് നടത്താതിരുന്നതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 29/2019-20തീയതി 16.02.02021 ന് മറുപടി ലഭിച്ചില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് സമയബന്ധിതമായി നടത്തേണ്ടതും ഇന്ധന ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-38 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-കരാർ പുതുക്കാത്തത് ചട്ടവിരുദ്ധം

പ്രോജക്ട് നമ്പർ- 37/19

ഫയൽ നമ്പർ- E1-15106/18

തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന ഈ പ്രോജക്ടിന് ഏകവർഷ പ്രോജക്ട് എന്ന നിലയിലാണ് 2018-19 വർഷം അംഗീകാരം ലഭിച്ചത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 65.2 ലക്ഷം (65,19,113/-) രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്. നഗരസഭയിലെ വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ 35 വാട്ടിന്റെ 1316 LED ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലൈറ്റൊന്നിന് 4,950/- രൂപയ്ക്ക് കെൽട്രോണിനെ കരാറുകാരായി നിശ്ചയിച്ച് 19.02.2019 -ലെ കൗൺസിൽ തീരുമാനമെടുത്തു. (തീരുമാനം നം -13) 22.02.2019 -ൽ കെൽട്രോണുമായി നഗരസഭ കരാർ ഒപ്പുവെച്ചു. കരാർ പ്രകാരം 1316 LED വിളക്കുകൾ വിളക്കൊന്നിന് 4950/- രൂപ നിരക്കിൽ പോസ്റ്റുകളിൽ സ്ഥാപിക്കണം. 6 ആഴ്ചയാണ് കരാർ കാലാവധി. അത് പ്രകാരം 05.04.2019 -നകം പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. 2019-20 -ൽ ഈ പദ്ധതി പ്രകാരം 26,68,048/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽനമ്പർ /തീയതി | തുക |
|---|---|---|
| 1 | 37/05.04.2019 | 306900 |
| 2 | 44/19.07.2019 | 989999 |
| 3 | 45/19.07.2019 | 989999 |

| | | |
|---|---|---|
| 4 | 43/26.12.2019 | 381150 |
| | ആകെ | 26,68,048 |

പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായി. കരാർകാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കി നിശ്ചിയിച്ചിട്ടില്ല. കരാർ കാലാവധിയായ 05.04.2019 ന ശേഷം കരാർ പുതുക്കാതെ പദ്ധതിപ്രകാരം തുക ചെലവഴിച്ചത് ചട്ടവിരുദ്ധനടപടിയാണ്.

കരാർ തുക 65,19,113/- രൂപയാണ് . മുകളിൽ കാണിച്ച പ്രകാരം 26,68,048/- രൂപ കിഴിച്ച് ബാക്കി തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കരാർ പ്രകാരം വിളക്കുകളുടെ മാനുഫാക്ച്ചറിംഗ് ഡിഫക്ട്സിന് മൂന്ന് വർഷ ഗ്യാരന്റിയുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ച വിളക്കുകൾക്കെല്ലാം കരാർ പ്രകാരമുള്ള സർവ്വീസ് വാറന്റി ഉറപ്പാക്കുന്നുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്.

1-39 ലൈൻ വലിക്കൽ , പോസ്റ്റ് മാറ്റൽ- കെ.എസ്.ഇ.ബി -യിൽ തുക ഒടുക്കിയത്-വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത്- 6.81 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റിയിടൽ, പോസ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ പണികൾക്കായി

പദ്ധതി തുകയിൽ നിന്നും നഗരസഭ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം /തുക | ആർക്ക് നൽകി |
|---|---|---|---|---|---|
| 1. | 98/ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 75000- ധനകാര്യ കമ്മീഷൻ | 73902 | 19/5.04.19, 45244/- രൂപ | KSEB Town സെക്ഷൻ |
| | | | | 137/29.01.2020, 28658/- രൂപ | KSEB Town സെക്ഷൻ |
| 2. | 100/ഇലക്ട്രിക് പോസ്റ്റ് പുനഃസ്ഥാപിക്കൽ | 637887 ധനകാര്യ കമ്മീഷൻ | 581851 | 22/5.04.19, 581451/- രൂപ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 3. | 122/ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 163780 ധനകാര്യ കമ്മീഷൻ | 16431 | 34/5.04.19, 3511/- രൂപ | ഫയൽ ഹാജരാക്കിയിട്ടില്ല |
| | | | | 36/5.04.19, 12920/- രൂപ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 4. | 198/ പോസ്റ്റ് മാറ്റി വെക്കൽ | 10000 ധനകാര്യ കമ്മീഷൻ | 9804 | 136/29.01.20, 9804/- രൂപ | KSEB West സെക്ഷൻ, ആലുവ |
| | | ആകെ | 681988 | | |

മുകളിൽ കാണിച്ചിട്ടുള്ള 100, 122 പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 681988 രൂപയാണ് ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും വിനിയോഗിച്ചിട്ടുള്ളത്. ഫയലുകളും വിനിയോഗ സർട്ടിഫിക്കറ്റ് / പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 100, 122 പ്രോജക്ടുകളുടെ ഫയലുകളും KSEB യിൽ നിന്നുള്ള പദ്ധതി വിനിയോഗ സർട്ടിഫിക്കറ്റ്/ പൂർത്തീകരണ സർട്ടിഫിക്കറ്റും ഹാജരാക്കാത്തതിനാൽ 6.81 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ - നൽകിയിരിക്കുന്ന സ്ഥലം സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധം - 12 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

യു.പി.എ.ഡി. യുടെ സ്പിൽ ഓവർ പ്രോജക്റ്റ് 2019-20 ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.സി.പി) പ്രോജക്റ്റ് നമ്പർ S00109/20 പ്രകാരം ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകിയിരിക്കുന്നു. ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിരിക്കുന്ന സ്ഥലം 'നിലം' എന്നാണ് തീറാധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തീറാധാരത്തിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താമോ എന്നത് സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറി നം. 33/23.03.2021 -ക്ക് മറുപടി ലഭിച്ചില്ല. ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ല എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ താഴെ കാണിച്ച പ്രകാരം ഈ പദ്ധതിക്കായി ചെലവഴിച്ച 15 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ബിൽ നം / തീയതി | തുക (ലക്ഷത്തിൽ) | വിസ്തൃതി (ആർ) |
|---|---|---|---|
| 1 | 5/5.04.2019 | 3,75,000 | 2.02 |
| 2 | 6/5.04.2019 | 3,75,000 | 2.02 |
| 3 | 7/5.04.2019 | 3,75,000 | 2.02 |
| 4 | 8/5.04.2019 | 3,75,000 | 2.02 |
| | ആകെ | 15,00,000 | |

1-41 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം - മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ.(സാധാ) നം. 553/19/ത.സ്വ.ഭ.വ തീയതി 07.03.2019 ഖണ്ഡിക 2-9-2 പ്രകാരം പാലിയേറ്റീവ് കമ്മിറ്റി 2 മാസത്തിലൊരിക്കൽ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ ആലുവ നഗരസഭയിൽ 2018-19 സാമ്പത്തികവർഷം പാലിയേറ്റീവ് കമ്മിറ്റി ചേർന്നിട്ടേയില്ല. 2019-20 സാമ്പത്തികവർഷം ഒരു തവണ മാത്രം കമ്മിറ്റി കൂടിയിട്ടുണ്ട്. മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ പ്രത്യേകിച്ച് ഒരു അജണ്ട ഉൾപ്പെടുത്തുകയോ തീരുമാനം കൈക്കൊണ്ടതോ ആയി കാണുന്നില്ല. യാതൊരുവിധ കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതായി കാണുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരേയും ഈ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ധരേയും ഈ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

സർക്കാർ ഉത്തരവിലെ ഖണ്ഡിക 2.1.6.1 പ്രകാരം നഗരഭരണ സ്ഥാപനങ്ങളിൽ ആരോഗ്യകമ്മിറ്റിയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ഖണ്ഡിക 2.1.6.1 പ്രകാരം

തദ്ദേശഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 18/2019-20 നുള്ള മറുപടിയിൽ സമീപകാലത്തുണ്ടായ പ്രളയങ്ങൾ തുടർന്നുള്ള കോവിഡ് സാഹചര്യം എന്നിവമൂലം യഥാസമയം പി.എം.സി വിളിച്ചുകൂട്ടാനോ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാനോ സാധിച്ചില്ലെന്നും ഭാവിയിൽ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ച് പാലിയേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ- പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ലംഘിച്ചത് -സംബന്ധിച്ച്.

പ്രോജക്ട് നമ്പർ -80/2019-20- സ്കൂളിലേക്ക് ഫർണ്ണീച്ചർ

സ്കൂളിലേക്ക് ഫർണീച്ചർ എന്ന ഈ പദ്ധതിക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 169000/-രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിന്നും 19240/- രൂപ മാത്രമാണ് ചെലവഴിച്ചത്. അടങ്കൽ തുകയുടെ 11.4% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

ഈ പദ്ധതിയിലെ 19340/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ | തുക | |
|---|---|---|
| 193/27.03.2020 | 9900 | ഓസ്റ്റിൻ അസോസിയേറ്റ്സ് |
| 194/27.03.2020 | 9440 | മാർട്ടിൻ കുര്യൻ അസ്സോസിയേറ്റ്സ്, പാലമറ്റം |
| ആകെ | 19340 | |

ആലുവ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലേക്ക് അലമാര വാങ്ങിയതിന്റെ ചെലവാണ് മുകളിൽ കാണിച്ചത്. 26.11.2019 -ലെ ഹാൻഡ് ക്വട്ടേഷൻ വഴിയാണ് ആദ്യത്തെ വാങ്ങൽ നടത്തിയത്. രണ്ടാമത്തെ വാങ്ങലിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല എന്നാൽ 20.02.2020, 21.02.2020 തീയതികളിലുള്ള 3 ക്വട്ടേഷനുകൾ ഫയലിൽ കാണുന്നു. ഇവയിൽ നിന്നും കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള പാലമറ്റം അസ്സോസിയേറ്റ്സിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണ്ണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം ചെയ്യാതെ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നും ഫർണീച്ചർ വാങ്ങിയത് ക്രമവിരുദ്ധമാണ്. പദ്ധതി തുകയുടെ വളരെ കുറവ് തുക മാത്രം ചെലവഴിച്ചതിനും ക്രമ വിരുദ്ധമായി വാങ്ങൽ നടത്തിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 19.10.2020 ലെ ഓഡിറ്റ് എൻക്വയറി 07/2019-20 നുള്ള മറുപടിയിൽ പ്രളയാനന്തര സാഹചര്യവും വകുപ്പ് തല പരിപാടികളും കോവിഡ് സാഹചര്യവും മൂലം പ്രോജക്റ്റ് സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചില്ലന്നാണ് അറിയിച്ചിരിക്കുന്നത്.

2019 ജൂലൈ 24 നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഗവ. ഗേൾസ്. എച്ച്. എസ്സ്. എസ്സിൽ പ്രിൻസിപ്പാളായി ചുമതലയേൽക്കുന്നത്. 2020 മാർച്ച് 31 നകം രണ്ട് തവണ ക്വട്ടേഷൻ ക്ഷണിച്ച് ഓരോ ഫർണീച്ചർ വീതം വാങ്ങിയതായി മറുപടിയിൽ പറയുന്നുണ്ട്. ഇതിൽ നിന്നും സ്കൂളിലേക്കുള്ള ഫർണീച്ചറുകളുടെ ആവശ്യകത കണക്കാക്കി വാങ്ങൽ നടത്തുന്നതിന് ആവശ്യമായ സമയം ലഭ്യമായിരുന്നു എന്നുവേണം കണക്കാക്കാൻ. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണ്ണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നും ഗുരുതരമായ അലംഭാവമുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-43 PMAY ലൈഫ് ഭവനപദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി നം. 56/19 പ്രകാരം നഗരസഭയിൽ നടപ്പിലാക്കിയ PMAY ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട് ആയത് ചുവടെ കൊടുക്കുന്നു.

I) ലൈഫ് പദ്ധതി - തനത് ഫണ്ട് വകയിരുത്താത്തത് സംബന്ധിച്ച്.

PMAY ലൈഫ് പദ്ധതിക്കായി 2019-20 -ൽ വികസനഫണ്ടിൽ നിന്നും (ജനറൽ വ വിഭാഗം) 25.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സെൻട്രൽ ഷെയറായി ചെലവഴിച്ചത് 48.15 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കായി തനത് ഫണ്ട് വിഹിതം ചെലവഴിച്ചതായി കാണുന്നില്ല. ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(എം,എസ്) നം. 151/2017/ത.സ്വ.ഭ.വ തീയതി 31.07.2017 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ നിർമ്മാണത്തിനുള്ള തുക ഒരു ഭവനനിധി രൂപീകരിച്ച് അതിൽ നിന്നും കണ്ടെത്തേണ്ടതാണ്. പദ്ധതി വിഹിതം/കേന്ദ്ര വിഹിതത്തിന് പുറമെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇടപെടൽ കൂടി ഉറപ്പാക്കി സമ്പൂർണ്ണ ഭവന നിർമ്മാണയജ്ഞം പൂർത്തിയാക്കണമെന്നാണ് ഇതുകൊണ്ട് ലക്ഷ്യംവെച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിൽ നഗരസഭ ഇടപെട്ടതായി കാണുന്നില്ല.

II) പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച് .

PMAY ലൈഫ് പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ജെസ്സി ആന്റണി വീട് നിർമ്മാണത്തിനുള്ള എഗ്രിമെന്റ് ചമച്ചിട്ടുള്ളത് 10.11.2017 നായിരുന്നു. ഇത് പ്രകാരം കരാർ ചമച്ച് ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഈ ഗുണഭോക്താവ് വീട് പണി പൂർത്തിയാക്കിയിട്ടില്ല. 3.2 ലക്ഷം രൂപ ഇവർ ഇതുവരെ കൈപ്പറ്റിയിട്ടുണ്ട്.

III) PMAY ലൈഫ് പദ്ധതി യുടെ (ഡി.പി.ആർ III) ഗുണഭോക്താവായ റ്റി.സി. വെങ്കിടാചലം നഗരസഭയുമായി കരാർ ചമച്ചിട്ടുള്ളത് 01.03.2019 -ലാണ്. ഒന്നാം ഗഡുവായ 40,000/- രൂപ 30.05.2019 -ൽ നൽകിയിട്ടുണ്ട്. തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ നൽകിയിട്ടില്ല. ഈ ഗുണഭോക്താവിന്റെ അപേക്ഷയിൽ ആധാർകാർഡ്

നമ്പർ 8920 9617 7544 എന്നാണ് കാണിച്ചിട്ടുള്ളത്. ഈ ആധാർ കാർഡിൽ Venkatesh TC, Year Of Birth 1963 വിലാസം S/o Krishnappa, 141, JP Nagar, Bangalore South എന്നാണ് കാണിച്ചിട്ടുള്ളത്. ഇദ്ദേഹത്തിന്റെ ഇലക്ഷൻ ഐഡി പ്രകാരം(UZO0251793) വെങ്കിടാചലം, S/o ചിന്നസ്വാമി, ജനനതീയതി 10.02.1959 വിലാസം തോപ്പപറമ്പിൽ, തോട്ടക്കാട്ടുകര, ആലുവ, ആധാർ കാർഡിലെയും ഇലക്ഷൻ ഐഡി കാർഡിലേയും ജനനതീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യത്യസ്തമാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 28/2019-20 പ്രകാരം അപാകതകൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയിട്ടില്ല.

## ഭാഗം -2

### 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ് - 76,987.00 രൂപ നഷ്ടം

നഗരസഭയിലെ വാർഡ് - 22 ന്റെ കെട്ടിട നികുതിയുടെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം XXII/241(10) എന്ന നമ്പറിലുള്ള 2298.06m2 വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി 2017-18 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷത്തിലാണ് (01.10.2017 മുതൽ പ്രാബല്യം) അസ്സസ് ചെയ്തത്. ഈ കെട്ടിടത്തിന് 80രൂപ / ചതുരശ്ര മീറ്റർ നിരക്കാണ് ഈടാക്കിയത്. നഗരസഭ അംഗീകരിച്ചിരിക്കുന്ന നിരക്ക് പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് 110 രൂപ / ചതുരശ്ര മീറ്റർ നിരക്കും ഇതേ വിഭാഗത്തിലുള്ള 100 ചതുരശ്ര മീറ്ററിനും 200 ചതുരശ്ര മീറ്ററിനും ഇടയിലുള്ള കെട്ടിടമാണെങ്കിൽ 80 രൂപയുമാണ് ഈടാക്കേണ്ടത്. ഇതിൻ പ്രകാരം മേല്പറഞ്ഞ കെട്ടിടത്തിന് 110 രൂപ / ചതുരശ്ര മീറ്റർ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്. ഈ കെട്ടിടം 01.04.2018 തീയതി പ്രാബല്യത്തിൽ R3-12292/18 തീയതി 03.10.2018 നടപടി പ്രകാരം 2164.51m2, 133.55m2 സ്പ്ലിറ്റ് ചെയ്ത് 2164.51m2 വിസ്തൃതിയുള്ള ഭാഗത്തിന് XXII/241(10) നമ്പർ നിലനിർത്തി 133.55m2 ഭാഗത്തിന് XXII/241(10B) നമ്പറും നൽകി. നികുതി നിരക്ക് 80 രൂപ / ചതുരശ്ര മീറ്ററായി നിലനിർത്തുകയായിരുന്നു. 2164.51m2 വിസ്തൃതിയുള്ള 22/241(10) നമ്പർ കെട്ടിടം 2019-20 രണ്ടാം അർദ്ധ വർഷ പ്രാബല്യത്തിൽ R3-16195/19 തീയതി 13.12.2019 നടപടി പ്രകാരം 1787.19m2, 184.94m2, 81.89m2, 88m2, 22.49 വിസ്തൃതിയിൽ വീണ്ടും സ്പ്ലിറ്റ് ചെയ്ത് 1787.19m2 വിസ്തൃതിയുള്ള ഭാഗത്തിന് 22/241(10) നമ്പർ നിലനിർത്തി മറ്റുള്ളവക്ക് യഥാക്രമം 22/241(C), 22/241(D), 22/241(E), 22/241(F) എന്നീ നമ്പറുകൾ നൽകി. എന്നാൽ ഈ കെട്ടിട ഭാഗങ്ങൾക്കെല്ലാം നികുതി പുനർ നിർണ്ണയിച്ചപ്പോൾ 110 രൂപ / ചതുരശ്ര മീറ്റർ നിരക്കാണ് ഈടാക്കിയിരിക്കുന്നത്. നഗരസഭ അംഗീകരിച്ചിരിക്കുന്ന നിരക്ക് പ്രകാരം 110 രൂപ / ചതുരശ്ര മീറ്റർ ഈടാക്കണമെന്നിരിക്കെ, 2019-20 രണ്ടാം അർദ്ധ വർഷം മുതൽ 110 രൂപ / ചതുരശ്ര മീറ്റർ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്ന സാഹചര്യത്തിലും 200m2 ന് മുകളിൽ വിസ്തൃതിയുണ്ടായിരുന്ന XXII/241(10) നമ്പർ കെട്ടിടത്തിന് 2017-18 രണ്ടാം അർദ്ധ വർഷം മുതൽ 110 രൂപാ / ചതുരശ്ര മീറ്റർ നിരക്ക് ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഇതുമൂലം 2017-18 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 രണ്ടാം അർദ്ധ വർഷം വരെ 110 / ചതുരശ്ര മീറ്ററിന് പകരം 80 രൂപ / ചതുരശ്ര മീറ്റർ എന്ന നിരക്ക് ഈടാക്കിയതുമൂലം വസ്തു നികുതി, ലൈബ്രറി സെസ്സ്, സേവന ഉപ നികുതി എന്നിവയിലുണ്ടായ കുറവ് താഴെ ചേർക്കുന്നു.

2017-18 രണ്ടാം അർദ്ധ വർഷം

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|

| | | | |
|---|---|---|---|
| | | @80/- | @110/- |
| തറ വിസ്തീർണം | | 2298.06m2 | 2298.06m2 |
| അടിസ്ഥാന വസ്തു നികുതി | | 1,83,845.00 | 2,52,787..00 |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20% | 45% | 82,731..00 | 1,13,754.00 |
| തറ നിർമ്മിതിയുടെയും വിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വർദ്ധനവ് - 15% | | | |
| എയർ കണ്ടീഷനിങ്ങ് വർദ്ധനവ് - 10% | | | |
| ആകെ | | 2,66,576.00 | 3,66,541.00 |
| ചട്ടം 9(5) പ്രകാരമുള്ള പ്രത്യേക ഇളവ് - 10 % | | 26,658.00 | 36,654.00 |
| വാർഷിക വസ്തു നികുതി | | 2,39,918.00 | 3,29,887.00 |
| ലൈബ്രറി സെസ്സ് - 5% | | 11,996.00 | 16,494.00 |
| സേവന ഉപ നികുതി - 10% | | 23,992.00 | 32,989.00 |
| നികുതി കുറവായി ഈടാക്കിയത് (അർദ്ധവർഷം ) | | 89,969/2 = 44,985.00 | |
| ലൈബ്രറി സെസ്സ് കുറവായി ഈടാക്കിയത് | | 4498/2 = 2249 .00 | |
| സേവന ഉപ നികുതി കുറവായി ഈടാക്കിയത് | | 8997/2 = 4499.00 | |

208-19 സാമ്പത്തിക വർഷം

| | ഈടാക്കിയത് @80/- | ഈടാക്കേണ്ടത് @110/- |
|---|---|---|
| തറ വിസ്തീർണം | 2164.51m2 | 2164.51m2 |
| അടിസ്ഥാന വസ്തു | 1,73,161.00 | 2,38,096.00 |

| | | | |
|---|---|---|---|
| നികുതി | | | |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%<br>തറ നിർമ്മിതിയുടെയും വിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വർദ്ധനവ് - 15%<br>എയർ കണ്ടീഷനിങ്ങ് വർദ്ധനവ് - 10% | 45% | 77,922.00 | 1,07,143.00 |
| ആകെ | | 2,51,083.00 | 3,45,239.00 |
| ചട്ടം 9(5) പ്രകാരമുള്ള പ്രത്യേക ഇളവ് - 10 % | | 25,108.00 | 34,524.00 |
| വാർഷിക വസ്തു നികുതി | | 2,25,975.00 | 3,10,715.00 |
| ലൈബ്രറി സെസ്സ് - 5% | | 11,299.00 | 15,536.00 |
| സേവന ഉപ നികുതി - 10% | | 22,598.00 | 31,072.00 |
| നികുതി കുറവായി ഈടാക്കിയത് | | | 84,740.00 |
| ലൈബ്രറി സെസ്സ് കുറവായി ഈടാക്കിയത് | | | 4237.00 |
| സേവന ഉപ നികുതി കുറവായി ഈടാക്കിയത് | | | 8474.00 |

2018-19 സമ്പത്തിക വർഷത്തിൽ മേല്പറഞ്ഞ പ്രകാരം നിർണ്ണയിച്ചിരിക്കുന്ന നികുതി 2019-20 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലാണ് 110 രൂപ / ചതുരശ്ര മീറ്റർ നിരക്കിൽ പുനർ നിർണ്ണയിച്ചിരിക്കുന്നത്. അതായത് 2018-19 സാമ്പത്തിക വർഷത്തിൽ മേല്പറഞ്ഞ പ്രകാരവും 2019-20 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിലെ നികുതിയായ മേല്പറഞ്ഞ നികുതിയുടെ പകുതി യഥാക്രമം 42,370.00, 2119.00, 4237.00 രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

